ഇടവക ഒരു കുടുംബം

ST MARY'S METROPOLITAN CHURCH CHANGANACHERRY

## പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ഒക്ടോബർ 2023



# സ്നേഹസ്മരണയ്ക്ക്



## റ്റി. സി. കുഞ്ഞുമോൻ

### തയ്യിൽ

ജനനം: 07.09.1961 മരണം: 03.10.2020

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

താളുകൾ മറിക്കുമ്പോൾ


ഒക്ടോബർ 2023
ലക്കം 7
വാല്യം 8



*മാനേജിംഗ് എഡിറ്റർ:*
**വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. വർഗീസ് പുളിക്കപ്പടവിൽ**
9074728504

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. ആന്റണി (ലിപിൻ) തുണ്ടുകളം**
9645607825
**റവ. ഫാ. സേവ്യർ (ജസ്റ്റിൻ)**
**പുത്തൻപുരച്ചിറ തൈക്കളം**
8330077541

*കൈക്കാരന്മാർ:*
**ജോസഫ് എ.ജെ. ആലഞ്ചേരി**
**ബാബു കളീക്കൽ**
**ടോമിച്ചൻ അയ്യരുകുളങ്ങര**

*കമ്മറ്റിയംഗങ്ങൾ:*
**വിന്നി ജോർജ്ജ് കല്ലൂക്കളം**
**സൈബി അക്കര**
**സി. മരിയ SABS**
**ജോമി കാവാലംപുതുപ്പറമ്പിൽ**
**ജിജി മുളയക്കൽ**
**നവീൻ വെട്ടുവഴി**
**എബിൻ ആറുപറയിൽ**
**മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ**
**സജി ഇളംകുളം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**സോണി കരിമറ്റം**



Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com



മുഖമൊഴി 05





06 വാത്സല്യവും കരുതലുമുള്ള ഇടയൻ



വികാരിയച്ചന്റെ സന്ദേശം 08



10 അനിശ്ചിതത്വങ്ങളിൽ ധീരമായ നേതൃത്വം



സ്നേഹ ശുശ്രൂഷകനായ മാർ മാത്യു കാവുകാട്ട് 14



16 കുടുംബകൂട്ടായ്മകൾ കാലഘട്ടത്തിനുള്ള മറുപടിയാകണം



ദൈവകരുണയുടെ പ്രവാചകൻ 22

# അഭിനന്ദനങ്ങൾ



ചങ്ങനാശ്ശേരി
മുനിസിപ്പൽ ചെയർപേഴ്സണായി
തിരഞ്ഞെടുക്കപ്പെട്ട
**ശ്രീമതി ബീന ജോബി തൂമ്പുങ്കലിന്**
മെത്രാപ്പോലീത്തൻ ഇടവകയുടെ
അഭിനന്ദനങ്ങൾ...



അതിരൂപത പാസ്റ്ററൽ കൗൺസിൽ
ചങ്ങനാശ്ശേരി ഫൊറോന കൗൺസിൽ
സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട
**ശ്രീ.സൈബി അക്കരയ്ക്ക്**
ഇടവകയുടെ അഭിനന്ദനങ്ങൾ...




ചങ്ങനാശ്ശേരി
ഫൊറോന
കലോത്സവത്തിൽ
ഒന്നാം സ്ഥാനം നേടിയ
**കത്തീഡ്രൽ
യുവദീപ്തിക്ക്**
അഭിനന്ദനങ്ങൾ...

മാതൃവേദി ടാബ്ലോ
കോമ്പറ്റീഷനിൽ
അതിരൂപതലത്തിൽ
രണ്ടാം സ്ഥാനവും
ഫൊറോന തലത്തിൽ
ഒന്നാം സ്ഥാനവും
നേടിയ **കത്തീഡ്രൽ
മാതൃവേദിക്ക്**
അഭിനന്ദനങ്ങൾ...



# മുഖമൊഴി



ഈശോയിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

കാവുകാട്ട് പിതാവിനെക്കുറിച്ചുള്ള വിശുദ്ധ ചിന്തകളുടെ കാലമാണല്ലോ ഒക്ടോബർ. ദൈവകരുണയുടെ സുവിശേഷം സ്വന്തം ജീവിതത്തിലൂടെ പ്രഘോഷിച്ച ദൈവദാസൻ കാവുകാട്ടുപിതാവിന്റെ 54-ാമത് ചരമവാർഷികം നാം ആഘോഷിക്കുമ്പോൾ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ജീവിതവിശുദ്ധി സ്വന്തമാക്കാൻ നമുക്ക് ശ്രമിക്കാം. 'സ്നേഹ ചൈതന്യത്തിന്റെ സേവനം' എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ട് പത്തൊൻപതുവർഷക്കാലം ചങ്ങനാശ്ശേരി അതിരൂപതയിൽ അജഗണങ്ങളെ അനുഗ്രഹത്തിന്റെ നീർച്ചാലുകളിലൂടെയും നന്മയുടെ പച്ചവിരിച്ച മേച്ചിൽപുറങ്ങളിലൂടെയും വിശ്വസ്തതയോടെ നയിച്ച ആ നല്ല ഇടയൻ നമ്മിൽ പടർത്തിയ ആ വിശ്വാസം പ്രഭമങ്ങാതെ നമുക്ക് കാത്തുസൂക്ഷിക്കാം.

കേരളാസഭാ നവീകരണ പ്രയത്നങ്ങളുടെ ഭാഗമായി വിശുദ്ധ കുർബാന കേന്ദ്രീകൃതമായ ആധ്യാത്മികതയിൽ വളരാൻ സഭ ആഹ്വാനം ചെയ്യുന്ന ഈ കാലത്ത് മിശിഹാരഹസ്യങ്ങളുടെ ആഘോഷമായ പരി. കുർബാനയിൽ കേന്ദ്രീകൃതമായി നമ്മുടെ ജീവിതങ്ങളെ രൂപപ്പെടുത്താം. പരി. കുർബാനയെക്കുറിച്ച് ആഴമായി പഠിക്കാനും ധ്യാനിക്കാനും അനുഭവിക്കാനുമുള്ള അവസരങ്ങളായി ഈ നാളുകൾ മാറട്ടെ.

സ്നേഹപൂർവ്വം,

**ഫാ. വർഗീസ് (ടോജോ) പുളിക്കപ്പടവിൽ**
ചീഫ് എഡിറ്റർ

സന്ദേശം



# വാത്സല്യവും കരുതലുമുള്ള ഇടയൻ

ഈശോയിൽ പ്രിയപ്പെട്ട സഹോദരങ്ങളേ,


ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ 54-ാം ചരമവാർഷികം ഈ ഒക്ടോബർ 9-ന് ആചരിക്കുന്നതിന്റെ ഭാഗമായി കത്തീഡ്രൽ ഇടവകയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന 'ഇടയൻ' നല്ല ഇടയനായി ചങ്ങനാശ്ശേരി അതിരൂപതയെ നയിച്ച പിതാവിന്റെ ഇടയശുശ്രൂഷയുടെ സവിശേഷതകൾ കൂടുതൽ അറിയപ്പെടാൻ ഇടയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. നല്ല ഇടയനെക്കുറിച്ച് ഈശോ പറഞ്ഞ കാര്യങ്ങൾ തന്റെ ഇടയിൽ പ്രാവർത്തികമാക്കുന്നതിൽ വളരെയേറെ വിജയിച്ച ഒരു മാതൃകാ ഇടയനായിരുന്നു ദൈവദാസൻ കാവുകാട്ടു പിതാവ്.

നല്ല ഇടയൻ ആടുകളെ സ്നേഹിക്കുകയും അറിയുകയും ശരിയായ പാതയിലൂടെ നയിക്കുകയും വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം നൽകാൻ കാത്തിരിക്കുകയും ഒരാടുപോലും നഷ്ടപ്പെടാതിരിക്കാൻ ജാഗ്രത പുലർത്തുകയും കാണാതെപോകുന്നവയെ അന്വേഷിച്ച് കണ്ടെത്തുകയും, ആടുകൾക്കുവേണ്ടി സ്വന്ത ജീവൻതന്നെ സമർപ്പിക്കാൻ തയ്യാറാവുകയും ചെയ്യും. സമാനമായ രീതിയിൽ തനിക്ക് ഏൽപ്പിക്കപ്പെട്ട ദൈവജനത്തെ കരുണയോടും, സ്നേഹത്തോടും, വാത്സല്യത്തോടുംകൂടി നയിച്ച ഇടയശ്രേഷ്ഠനായിരുന്നു കാവുകാട്ടു പിതാവ്.

തന്റെ ശ്രേഷ്ഠമായ പദവിയിലോ ഉന്നതമായ അധികാരത്തിലോ ഭ്രമിക്കാതെ വിനീതമായ ശുശ്രൂഷാമനോഭാവത്തോടെയാണ് പിതാവ് തന്റെ ഇടയധർമ്മം നിർവഹിച്ചത്. അതിനായി ഏറെ കഷ്ടപ്പെടുകയും ത്യാഗമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. രോഗത്താൽ വലയുമ്പോഴും സമാധാനത്തിലും സന്തോഷത്തിലും തന്റെ ജനത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാൻ പിതാവിനു കഴിഞ്ഞിരുന്നു. കാവുകാട്ടു പിതാവ് വെട്ടി ത്തെളിച്ച പ്രേഷിതരംഗങ്ങൾ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന സുവി ശേഷ ചൈതന്യത്തിന്റെ ബഹിർസ്ഫുരണങ്ങളായിരുന്നു.

കാവുകാട്ടു പിതാവിനെക്കുറിച്ചുള്ള ദീപ്തസ്മരണകളാൽ അണി യിച്ചൊരുക്കിയ എല്ലാവരെയും പരിശുദ്ധിയും നന്മയും പ്രാർത്ഥിക്കു ന്നു. 'ഇടയനെ' അഭിനന്ദിക്കുന്നു. ഇടയശുശ്രൂഷയുടെ അനേകർക്ക് വെളിച്ചവും പ്രചോദനവുമാകട്ടേയെന്ന് പ്രാർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,



**ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത







## വികാരിയച്ചന്റെ സന്ദേശം

# കേരളസഭാ നവീകരണവും പരി. കുർബാനയും

ഭാരത കത്തോലിക്കാ സഭ നവീകരണത്തിന്റെ നാൾവഴികളിലൂടെ കടന്നുപോകുന്ന ഈ അവസരം കുടുംബങ്ങളുടെ ഭദ്രതയും കെട്ടുറപ്പും വിശ്വാസ ദൃഢതയും സംരക്ഷിക്കപ്പെടുന്നതിനും പരിപോഷിക്കുന്നതിനും നാം മുൻതൂക്കം നൽകേണ്ടതുണ്ട്. വിശ്വാസത്തിലും ധാർമികതയിലും അടിയുറച്ച കുടുംബ ബന്ധങ്ങൾ രൂപപ്പെടുന്നത് പരി. കുർബാനയിലാണ്. അൾത്താരയിൽ ആരംഭിക്കുന്ന കുടുംബ ജീവിതത്തിന്റെ പവിത്രതയും വിശുദ്ധിയും സംരക്ഷിക്കപ്പെടേണ്ടതും വളരേണ്ടതും പരി. കുർബാന യിലൂടെയാണ്. ഭൗതികമായ അധ്വാനങ്ങളുടെ ഫലപ്രാപ്തി സ്വപ്നം കാണുമ്പോൾ ആത്മീയമായ അനശ്വര സമ്പത്തിന്റെ സമൃദ്ധി പരി. കുർബാനയിലൂടെ സ്വന്തമാക്കുവാൻ കഴിയണം പരി. കുർബാനയിലൂടെ നമ്മുടെ വിശ്വാസജീവിതം നിലനിർത്തുവാൻ കഴിയുക എന്നത് ഏറ്റവും പ്രാധാന്യത്തോടെ പരിഗണിക്കണം.

എല്ലാ നവീകരണത്തിന്റെയും സ്രോതസ് ത്രിതൈകദൈവം തന്നെ യാണെന്ന് നമുക്ക് അറിവുള്ളതാണല്ലോ. ഏശയ്യാപ്രവാചകന്റെ വാക്കു കൾ ശക്തിയും ബലവും ധൈര്യവും പകരുന്ന ദൈവത്തിന്റെ നവീക രണപദ്ധതി എടുത്തുകാട്ടുന്നു.



''നിങ്ങൾക്കറിഞ്ഞുകൂടെ? നിങ്ങൾ കേട്ടിട്ടില്ലേ? കർത്താവ് നിത്യനായ ദൈവവും ഭൂമി മുഴുവന്റെയും സ്രഷ്ടാവുമാണ്. അവിടുന്നു ക്ഷീണിക്കുകയോ തളരുകയോ ഇല്ല. അവിടുത്തെ മനസ്സ് അഗ്രാഹ്യമാണ്. തളർന്നവന് അവിടുന്ന് ബലം നൽകുന്നു; ശക്തിപകരുകയും ചെയ്യുന്നു. യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം. ചെറുപ്പക്കാർ ശക്തിയറ്റുവീഴാം. എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തിപ്രാപിക്കും. അവർ കഴുകനെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല'' (ഏശ 40:28-31).

നമ്മെ ശക്തിപ്പെടുത്തുന്നത് നമ്മുടെ സ്വന്തം കഴിവുകളോ പദ്ധതികളോ അല്ല. മറിച്ച് ദൈവത്തിലുള്ള സമ്പൂർണ്ണ ആശ്രയമാണ്. വി. പൗലോസ് ശ്ലീഹാ പറയുന്നു: ''എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും'' (ഫിലി 4.13). ദൈവികശക്തിയും കൃപയുമാണ് നവീകരണത്തിന്റെ ഉറവിടം. ''നിന്റെ അരൂപിയെ അയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുകയും ഭൂമുഖം നീ പുതുതാകുകയും ചെയ്യും'' എന്ന് സങ്കീർത്തകൻ പാടുന്നു (104:30).

ദൈവവചനത്തിന്റെയും വിശുദ്ധ കൂദാശകളുടെയും പ്രത്യേകിച്ച്, പരി. കുർബാനയുടെയും കലവറയിൽനിന്ന് തിരുസഭാമാതാവ് നമുക്ക് നൽകുന്ന വിശ്വാസപോഷണം സ്വീകരിച്ച് ആത്മാവിനാൽ നവീകരിക്കപ്പെടാനുള്ള അവസരമാണ് ഈ നവീകരണകാലഘട്ടം. സഭയുടെ യാമപ്രാർത്ഥനകളിലൂടെയും ഭക്തകൃത്യങ്ങളിലൂടെയുമെല്ലാം നമ്മൾ വിശ്വാസജീവിതത്തെ നവീകരിക്കാനും പരസ്നേഹത്തിന്റെയും സേവനത്തിന്റെയും മാതൃക ഉൾക്കൊള്ളുവാനും ഈ കാലഘട്ടം നമുക്ക് പ്രചോദനമേകുന്നു. സഭയിലെ പുണ്യചരിതരും വിശുദ്ധരുമെല്ലാം ഇതിനു നമുക്ക് മാതൃകയും മാദ്ധ്യസ്ഥ്യവുമേകുന്നു. സന്മാതൃകകൊണ്ടും സദുപദേശംകൊണ്ടും എന്നും സഭയെനയിച്ച പുണ്യശ്ലോകനായ കാവുകാട്ടുപിതാവിന്റെ ചരമവാർഷികദിനാചരണം നവീകൃതചൈതന്യംകൊണ്ട് നമ്മെ നയിക്കട്ടെ. മഹാപ്രേഷിതയും വേദപാരംഗതയുമായ വിശുദ്ധ കൊച്ചുത്രേസ്യയുടെയും, 'രണ്ടാം ക്രിസ്തു' എന്നറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയുടെയും തിരുനാളുകളും ഒക്ടോബർ ആദ്യവാരം നാം ആചരിക്കുന്നു. ദൈവത്തിൽ ആശ്രയം വച്ച് ആത്മീയജീവിതത്തിൽ കഴുകനെപ്പോലെ ചിറകടിച്ചുയരാൻ ഈ നവീകരണകാലഘട്ടം നമ്മെ സഹായിക്കട്ടെ.

**ഫാ. ജോസ് കൊച്ചുപറമ്പിൽ**
(വികാരി)

# അനിശ്ചിതത്വങ്ങളിൽ ധീരമായ നേതൃത്വം

## മാർ തോമസ് തറയിൽ
(ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ)

**ജീവിതം മുഴുവനും** കർത്താവിനുവേണ്ടി സ്വയം സമർപ്പിച്ച്, കാരുണ്യത്തിന്റെ മുഖവുമായി പിതൃവാത്സല്യമുള്ള ജീവിതത്തിന്റെ ഉടമയായി ജീവിച്ച്, കേരള സഭയുടെ യശസ് വാനോളം ഉയർത്തുകയും വെല്ലുവിളികൾ നിറഞ്ഞ കാലത്ത് സഭാമക്കളുടെ ജീവിതത്തിന്റെ ഉന്നമനത്തിനുവേണ്ടി അക്ഷീണം പ്രയത്നിക്കുകയും ചെയ്ത ധീരനായിരുന്നു ദൈവദാസൻ മാർ മാത്യു കാവുകാട്ട്.

പുരാതന ക്രൈസ്തവകേന്ദ്രത്തിന്റെ ഈറ്റില്ലം എന്നറിയപ്പെടുന്ന പാലാ പ്രവിത്താനം ഇടവകയിലെ പേരും പെരുമയുമുള്ള കാവുകാട്ടു കുടുംബത്തിലെ പൂർവ പിതാതനായ അരീപ്പറമ്പിൽ ഗീവറുഗീസ് കത്തനാരുടെ വംശാവലിയിലെ പുതുതലമുറക്കാരനായിരുന്നു



മത്തച്ചൻ. ചെറുപ്പം മുതലേ ശാന്തവും വിനീത സ്വഭാവവുമുള്ള വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. എല്ലാവരോടും സ്നേഹത്തോടും സഹവർത്തിത്തത്തോടും കൂടിയുള്ള പെരുമാറ്റ ശൈലിയും കുട്ടിക്കാലം മുതലേ അദ്ദേഹം പിന്തുടർന്നിരുന്നു. ഭക്തിയിലും വിശ്വാസതീക്ഷ്ണതയിലും അൽപംപോലും കുറവു വരുത്താതെ ആഴമായ ബോധ്യങ്ങൾ രൂപീകരിക്കാൻ അദ്ദേഹത്തിനു സാധിച്ചു. തന്നിലുള്ള ദൈവവിളി തിരിച്ചറിഞ്ഞ് കർത്താവിന്റെ കുരിശു ചുമക്കുവാൻ പൂർണമായി ജീവിതം സമർപ്പിച്ച് അദ്ദേഹം സഭയിലെ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. യഥാർത്ഥമായ ക്രിസ്തുസ്നേഹവും അനുകമ്പ നിറഞ്ഞ മനസ്സും പുതുമയാർന്ന പ്രവർത്തനങ്ങളുമായി താൻ സ്വീകരിച്ച പൗരോഹിത്യത്തിൽ അദ്ദേഹത്തിനു ജീവിക്കാനായി എന്നു നിസംശയം പറയാനാകും.

സഭയ്ക്കും സമൂഹത്തിനും എതിരെ ഉണ്ടാകുന്ന വെല്ലുവിളികളെ ചങ്കുറപ്പോടെ നേരിടുന്നതിൽ പിതാവ് എപ്പോഴും മുമ്പിലായിരുന്നു. തന്റെ മുൻഗാമിയായ മാർ ജയിംസ് കാളാശ്ശേരി പിതാവിനുണ്ടായതിൽനിന്നു തികച്ചും വിഭിന്നമായിരിക്കില്ല തന്റെ ഭരണകാലമെന്ന് പിതാവിനു മുൻകൂട്ടി അറിയാമായിരുന്നു. വിദ്യാഭ്യാസ ബില്ലുകൾ ഗവൺമെന്റിന്റെ താൽപര്യങ്ങൾക്കനുസരിച്ച് തയാറാക്കിയപ്പോൾ അതു ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള കടന്നാക്രമണമാണെന്നു തിരിച്ചറിഞ്ഞ് അവയ്ക്കെതിരെ സഭാമക്കൾക്കു പ്രതികരിക്കാനാകുംവിധം അവരെ സർക്കുലറുകളിലൂടെ പ്രബോധിപ്പിക്കുകയും സഭാനേതൃത്വത്തോടുചേർന്ന് അതിശക്ത പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്ത് അഭിനവ മോശയെപ്പോലെ മുന്നിൽ നിന്നത് മാർ മാത്യു കാവുകാട്ട് പിതാവായിരുന്നു. അക്രമരാഷ്ട്രീയത്തെ അതേ നാണയത്തിൽ തിരിച്ചടിച്ചതിന്റെ വലിയ തെളിവാണു വിമോചനസമരം.

ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി മുന്നിട്ടിറങ്ങിയപ്പോഴും പിതാവിന്റെ ഏക ആശ്രയം കുരിശിൽ കിടന്ന കർത്താവായിരുന്നു വിമോചനത്തിന്റെ വിജയം തന്റെ ശക്തിയും കഴിവുമാണെന്ന് ഒരിക്കലും പിതാവ് അഭിമാനിച്ചിരുന്നില്ല. ഗവൺമെന്റുകൾക്കെതിരെ ശക്തമായ പ്രക്ഷോഭ റാലി നടത്തുമ്പോഴും രാഷ്ട്രീയ നേതൃത്വം തെരഞ്ഞത് പിതാവിനെയായിരുന്നു. പക്ഷെ ആരാലും കാണപ്പെടാതെ അരമന ചാപ്പലിൽ പ്രാർത്ഥനാനിമഗ്നനായിരിക്കുന്ന പിതാവിനെയാണ് പിന്നീട് കാണാൻ കഴിഞ്ഞത്. ആഴമായ ദൈവാശ്രയത്തിൽ ചലിക്കുന്നവർക്കു മാത്രമേ ഇതു പ്രാപ്തമാവുകയുള്ളു.

കാവുകാട്ട് പിതാവ് തന്റെ സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിച്ചു. സ്വതസിദ്ധമായി അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ശാന്തസ്വഭാവം അദ്ദേഹത്തിന്റെ സഹനങ്ങളിലും ദർശിക്കാനാവുമായിരുന്നു. ചങ്ങനാശേരി രൂപത അതിരൂപതയായി ഉയർത്തപ്പെട്ടപ്പോൾ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായതു കാവുകാട്ട് പിതാവാണ്. പിതാവിന്റെ അടുത്തുനിന്നും ആർക്കും മ്ലാനമുഖത്തോടെ തിരികെ


പോകേണ്ടിവന്നിട്ടില്ല എന്നു ജനസമൂഹം ഇന്നും സാക്ഷ്യപ്പെടുത്തുന്നു. അരമനയിൽ തന്നെ കാണാൻ വന്നിരുന്ന എല്ലാവരോടും ചെറുപുഞ്ചിരി തൂകി എളിമയോടെ എഴുന്നേറ്റു നിൽക്കുന്ന പിതാവ് കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മൂർത്തീഭാവമാണ്. മനസ്സലിവും ഹൃദയാർദ്രതയുള്ളവനും വ്യക്തിബന്ധങ്ങൾ സൂക്ഷിക്കുന്നതിൽ നിപുണനുമായിരുന്നു കാവുകാട്ട് പിതാവ്.

പാവങ്ങളോടുള്ള ദീനാനുകമ്പയും ആർദ്രമായ സ്നേഹവും പിതാവിന്റെ അജപാലന ജീവിതത്തെ കൂടുതൽ പ്രശോഭിതമാക്കുന്നു. അതിനുള്ള ഉത്തമ ഉദാഹരണമാണ് പിതാവിന്റെ ജൂബിലി ആഘോഷങ്ങളെല്ലാം മാറ്റിവച്ച് അതിനുവേണ്ടി സമാഹരിച്ച തുക പാവപ്പെട്ട മനുഷ്യരുടെ ഭവനനിർമിതിക്കായി ചെലവഴിക്കാൻ നിർദ്ദേശിച്ചത്. തന്റെ വിദേശയാത്രകൾക്കിടയിലും പാവപ്പെട്ട കുടുംബങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി പണം സമാഹരിക്കാൻ പിതാവ് പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു.

പട്ടിണിയും സാമ്പത്തിക ബുദ്ധിമുട്ടുമില്ലാതെ സാധാരണ മനുഷ്യർക്ക് ജീവിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാനും ദൈവജനത്തിന്റെ ആത്മീയ പോഷണത്തിനുതകുംവിധം വിശ്വാസത്തിനു ചേർന്ന രീതിയിൽ വളരാനാവശ്യമായ ഉറച്ച അടിത്തറ പാകാനും ഇടയായത് പിതാവിന്റെ അക്ഷീണ പ്രവർത്തനത്തിന്റെ ഫലമായാണ്.

നീറുന്ന വേദനകളുമായി തന്റെ അടുക്കലേക്കു കടന്നുവരുന്നവർക്കു ശാരീരിക ബുദ്ധിമുട്ടുകളും അസ്വസ്ഥകളും മാറ്റിവച്ച് അവരുടെ വേദനകളിൽ സഹാനുഭൂതിയോടെ പങ്കുചേർന്ന് ആശ്വസിപ്പിക്കുന്ന തേജസാർന്ന മുഖമുള്ള വത്സല പിതാവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞവരിൽ നിന്നു കേൾക്കാനിടയായിട്ടുണ്ട്. ശരീരത്തിലെ വേദനകളേക്കാൾ പിതാവിന്റെ മനസ്സിനെ പിടിച്ചുകുലുക്കിയത് മറ്റൊരു സംഭവമായിരുന്നു. മറിയക്കുട്ടി കൊലക്കേസിൽ തന്റെ പുരോഹിത ഗണത്തിലെ ബനഡിക്ട് ഓണംകുളം അച്ചനെ വധശിക്ഷയ്ക്കു വിധിച്ചതാണ് ഈ സംഭവം. ആ വിധി പിതാവിനെ തളർത്തി. കർത്താവിന്റെ പുരോഹിതനെ വധശിക്ഷയ്ക്കു വിധിച്ചത് പിതാവിന് ഉൾക്കൊള്ളാനായില്ല. മുൾക്കിരീടം അണിഞ്ഞ ഈശോ അനുഭവിച്ച അതേ വേദനയുടെ നിമിഷങ്ങളിലൂടെയാണ് ആ സമയം പിതാവ് കടന്നുപോയത്. ജയിലിലായിരുന്നപ്പോഴും തുടർച്ചയായി കത്തുകളിലൂടെ പിതാവ് ബനഡിക്ട് അച്ചനെ ആശ്വസിപ്പിക്കാൻ ശ്രദ്ധിച്ചിരുന്നു. പിന്നീട് അച്ചൻ നിരപരാധിയെന്നു സുപ്രീംകോടതി വിധിച്ചപ്പോൾ അദ്ദേഹത്തിനു ഏറെ ആശ്വാസമായി.

എല്ലാ മതവിഭാഗങ്ങളും വലിയ താൽപര്യത്തോടെയാണ് പിതാവിനോട് ഇടപെട്ടിരുന്നത്. കാരണം വലിയവനെന്നോ ചെറിയവനെന്നോ വ്യത്യാസമില്ലാതെ എല്ലാവരെയും ഒരുപോലെ കാണാൻ പിതാവിനു



സാധിച്ചത് നലം തികഞ്ഞ എളിമമൂലമാണ്. മറ്റു മതസ്തർക്കുപോലും നേതാവിനെപ്പോലെയായിരുന്നു പിതാവ്. പ്രത്യേകിച്ച് നായർ സർവീസ് സൊസൈറ്റിയുടെ സിരാകേന്ദ്രമായ ചങ്ങനാശേരിയിലെ പല സമുദായ പ്രമുഖരും പിതാവിന്റെ ആത്മമിത്രങ്ങളായിരുന്നു.

നിർധനരോടും നിരാലംബരോടും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരോടുമുള്ള പിതാവിന്റെ കരുതലിന്റെ തെളിവാണ് തെക്കൻ മേഖലയിലെ കന്യാകുമാരി മിഷൻ. ഇപ്പോൾ തക്കല രൂപതയിലെ നിദ്രവിള ആസ്ഥാനമാക്കിയുള്ള മിഷൻ പ്രവർത്തനത്തിനു ചുക്കാൻ പിടിച്ചത് കാവുകാട്ടു പിതാവാണ്. പട്ടിണിയും സാമ്പത്തിക ബുദ്ധിമുട്ടുമില്ലാതെ സാധാരണ മനുഷ്യർക്ക് ജീവിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാനും ദൈവജനത്തിന്റെ ആത്മീയ പോഷണത്തിനുതകുംവിധം വിശ്വാസത്തിനു ചേർന്ന രീതിയിൽ വളരാനാവശ്യമായ ഉറച്ച അടിത്തറ പാകാനും ഇടയായത് പിതാവിന്റെ അക്ഷീണ പ്രവർത്തനത്തിന്റെ ഫലമായാണ്.

ജനമനസ്സിൽ വിടർന്ന് പുഞ്ചിരി,ച്ച് നിൽക്കുന്ന പുഷ്പമായിരുന്ന അഭിവന്ദ്യ പിതാവിനെ സ്വർഗീയ പിതാവ് തന്റെ അടുക്കലേക്ക് വിളിച്ചതിന്റെ 51-ാം വാർഷികത്തിൽ പിതാവിനെ വിശേഷിപ്പിക്കാനാകുന്ന ഒരു നാമം കാരുണ്യത്തിന്റെ വിശുദ്ധൻ എന്നല്ലാതെ മറ്റൊന്നുമല്ല. ഈ സ്വർഗീയ പുഷ്പം പ്രസരിപ്പിക്കുന്ന വിശുദ്ധ സൗരഭ്യം കരുണയുടെ വഴിത്താരയിൽ നമുക്കു മാർഗദീപമാകട്ടെ.

# സ്നേഹശുശ്രൂഷകനായ മാർ മാത്യു കാവുകാട്ട്

**മല്പാൻ മാത്യു വെള്ളാനിക്കൽ**



**പിതൃസഹജമായ** സ്നേഹത്തിന്റെ ഉടമയായിരുന്നു ദൈവദാസൻ മാർ മാത്യു കാവുകാട്ട്, പിതൃഭാവം പരിശുദ്ധിയുടെ പ്രകാശനമാണ്. മാർ കാവുകാട്ടിന്റെ പിതൃഭാവം അദ്ദേഹത്തിന്റെ ജീവിതപരിശുദ്ധിയുടെ ഒരു പ്രകാശനമായി കണക്കാക്കാവുന്നതാണ്. സ്നേഹത്തിന്റെ ശുശ്രൂഷ ചെയ്യുക എന്നത് തന്റെ മുദ്രാവാക്യമായി സ്വീകരിച്ച് കാവുകാട്ടു പിതാവ് പരസ്നേഹത്തിന്റെ ആൾരൂപമായിരുന്നു. 1960 ഡിസംബർ 21 ന് തന്റെ പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് പിതാവ് ആഗ്രഹിച്ചത് ഒരു ഭവനനിർമാണപദ്ധതിയാണ്. ജൂബിലിയുടെ അവസരത്തിൽ പിതാവ് പ്രസിദ്ധപ്പെടുത്തിയ ഇടയലേഖനത്തിൽ ഇപ്രകാരം എഴുതി: ''നമ്മുടെ പൗരോഹിത്യജൂബിലിയുടെ സ്മാരകമായി ഈ ഭവനനിർമ്മാണപദ്ധതി സ്വീകരിച്ചുകാണുവാൻ നാം ആഗ്രഹിക്കുന്നു. ഇടവകകൾ തോറും വീടില്ലാത്തവർക്കുവേണ്ടി പണിതിട്ടുള്ള വീടുകളുടെ ഫോട്ടോകളടങ്ങിയ ആൽബമായിരിക്കും പൗരോഹിത്യ ജൂബിലി സംബന്ധിച്ച് എനിക്കേറ്റം പ്രിയങ്കരമായ ഉപഹാരം എന്റെ പൗരോഹിത്യസ്വീകരണ വർഷമായിരുന്നു അത്.''

അതിരമ്പുഴ ഫൊറോനായിൽ അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന ഞാൻ പിതാവിന്റെ ആഗ്രഹപ്രകാരം ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളായിരുന്ന കുട്ടികളെക്കൊണ്ട് ഭാഗ്യക്കുറി വിതരണത്തിലൂടെ പണംപിരിച്ച് ഒരു വീട് പണിയിച്ചു. പിതാവുതന്നെ വന്ന് ആ വീട് വെഞ്ചരിക്കുകയും, വീടില്ലാത്ത ഒരു കുടുംബത്തിന് താക്കോൽ ദാനം നിർവഹിക്കുകയും ചെയ്തത് ഞാനോർക്കുന്നു. ജീവകാരുണ്യ



പ്രവർത്തനങ്ങളിൽ ഔദാര്യപൂർവം ഏർപ്പെടുവാൻ പിതാവ് ജനങ്ങളെ നിരന്തരം തന്റെ ഇടയലേഖനത്തിലൂടെ അനുസ്മരിപ്പിച്ചിരുന്നു.

## വിശ്വാസപരിശീലനത്തിൽ ശ്രദ്ധാലുവായ പിതാവ്

കുഞ്ഞുമക്കളോട് പിതാവ് സംസാരിക്കുന്നു എന്ന പേരിൽ, അതിരൂപതയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ വേദപ്രചാരമദ്ധ്യസ്ഥനിൽ കുട്ടികൾക്ക് പിതാവ് എഴുതിയിരുന്ന കത്തുകൾ പ്രസിദ്ധങ്ങളാണ്. വിശ്വാസപരിശീലനം കുട്ടികളിൽ ഒതുക്കിനിർത്താതെ മുതിർന്നവർക്കും ആവശ്യമാണെന്ന ബോധ്യം പിതാവിനുണ്ടായിരുന്നു. മുതിർന്നവരുടെ വിശ്വാസപരിശീലനം ലക്ഷ്യമാക്കി പിതാവ് ആരംഭിച്ച പ്രസ്ഥാനമാണ് അദ്ധ്യയനമണ്ഡലം. മെത്രാൻ ശുശ്രൂഷയുടെയും പൗരോഹിത്യശുശ്രൂഷയുടെയും അടിസ്ഥാനപരമായ ദൗത്യം വചനപ്രബോധനവും വിശ്വാസപരിശീലനവുമാണെന്ന് പിതാവിനു നല്ല ബോധ്യമുണ്ടായിരുന്നു.

## പ്രിയങ്കരമായ അജപാലകൻ

വേനൽക്കാലത്ത് പീരുമേട് ചാൾസ് വില്ലയിൽ താമസിച്ചുകൊണ്ട് ഹൈറേഞ്ചിലെ പള്ളികൾ സന്ദർശിക്കുന്ന പതിവ് കാവുകാട്ടു പിതാവിനുണ്ടായിരുന്നു. വിനയാന്വിത്തവും സ്നേഹോഷ്മളവുമായ പെരുമാറ്റശൈലിയും ലളിതവും ഹൃദ്യവുമായ പ്രസംഗശൈലിയും സ്വന്തമാക്കിയിരുന്ന പിതാവ് തന്റെ അജഗണങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു. സഭയുടെ വിശ്വാസം പ്രഗത്ഭമായ രീതിയിൽ പഠിപ്പിക്കുന്ന ഒരു പ്രബോധകനായിരുന്നു പിതാവ്. തന്റെ വാക്കുകളുടെ പിന്നിലുള്ള ആത്മാർത്ഥതയുടെ വിദ്യുത് ശക്തിയായിരുന്നു പിതാവിന്റെ പ്രസംഗങ്ങളുടെ ജീവൻ. പണ്ഡിതോചിതമായി പ്രസംഗിക്കുവാനും നർമ്മമധുരമായ സംഭാഷണങ്ങളിലേർപ്പെടുവാനും പിതാവിനു കഴിയുമായിരുന്നു. പിതാവിന്റെ അജപാലനസന്ദർശനങ്ങൾ അജഗണങ്ങളെ വിശ്വാസത്തിൽ വളർത്തുവാനും സ്നേഹകൂട്ടായ്മയിൽ ഒന്നിപ്പിക്കുവാനും ഉതകുന്നവയായിരുന്നു.

## വടവാതൂർ സെമിനാരിയുടെ ശില്പി

സീറോമലബാർ സഭയ്ക്കുവേണ്ടി ആരംഭിച്ച വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി പടുത്തുയർത്താൻ റോമിൽനിന്ന് ഉത്തരവാദിത്വമേല്പിച്ചത് മാർ കാവുകാട്ടിനെയാണ്. സെമിനാരിയുടെ ശരിയായ ദിശയിലുള്ള വളർച്ച പിതാവിന്റെ പ്രധാനപ്പെട്ട ഒരു അജപാലന ലക്ഷ്യമായിരുന്നു.

സീറോമലബാർ സഭയ്ക്ക്, അതിന്റെ തനതായ സഭാത്മകപരിശീലനത്തിനു നേതൃത്വം നൽകുന്ന അജപാലകരുണ്ടാവണം എന്ന പിതാവിന്റെ സ്വപ്നവും പ്രാർത്ഥനയുമാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതെന്നതിന് യാതൊരു സംശയവുമില്ല. അൾത്താരവണക്കത്തിന് അർഹനായി പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയെ തിരുസഭയിലൂടെ ദൈവം അനതിവിദൂരമായ ഭാവിയിൽ അംഗീകരിക്കുമെന്ന് നിസംശയം പറയാം.



# കുടുംബകൂട്ടായ്മകൾ കാലഘട്ടത്തിനുള്ള മറുപടിയാകണം

ഡോ. പി.സി. അനിയൻകുഞ്ഞ്



**വിശ്വാസം** എക്കാലവും വെല്ലുവിളികളെ അതിജീവിച്ചാണ് പോരാടിയിട്ടുള്ളത്. ഈ വെല്ലുവിളികൾ സഭയ്ക്കുള്ളിൽനിന്നോ ബാഹ്യമായിട്ടോ സംഭവിച്ചിട്ടുള്ളവയാണ്. ഇതിനുള്ള സഭയുടെ മറുപടി കൂട്ടായ്മയിൽ ആഴപ്പെടുകയെന്നുള്ളതായിരുന്നു. കൃത്യമായും കുടുംബങ്ങളെയും അവയുടെ കൂട്ടായ്മകളെയും ഉന്നംവച്ചുള്ള ഒരു അജപാലക മുന്നേറ്റത്തോടൊപ്പം, തങ്ങൾ പ്രേഷിത പ്രവർത്തനത്തിന്റെ വിഷയം മാത്രമല്ല മറിച്ച് അതിന്റെ പ്രവർത്തകർ കൂടിയാണെന്ന് ഓരോ കുടുംബവും തിരിച്ചറിഞ്ഞ് വളരണം. ഇതിലുള്ള പ്രായോഗിക വെല്ലുവിളികൾ, തടസ്സങ്ങൾ തിരിച്ചറിഞ്ഞ് പ്രക്രിയകൾ ഊർജ്ജിതമാക്കപ്പെടണം കുടുംബകൂട്ടായ്മകൾ ഇടവക ജീവിതത്തെ കൂടുതലായി ശക്തിപ്പെടുത്തണം. അവ അല്മായനേതൃത്വത്തിന്റെ പ്രായോഗിക പരിശീലനവേദികളാകണം. കുടുംബ കൂട്ടായ്മയുടെ ലക്ഷണങ്ങളായ പ്രാർത്ഥനയിലും പഠനത്തിലും പങ്കുവെയ്ക്കലിലും ബലപ്പെടാനുള്ള പരിശ്രമങ്ങളും ത്യാഗവുമാണ് ഇതിനുള്ള പോംവഴി.

## ശുശ്രൂഷകൾ കൂട്ടായ്മയ്ക്ക്

സഭയിലെ എല്ലാ ശുശ്രൂഷകളുടെയും അർത്ഥവും പൂർണതയും കണ്ടെത്തുന്നത് കൂട്ടായ്മയിലും കൂട്ടായ്മയ്ക്കുവേണ്ടിയുമാണ്. ഒരാൾ മെത്രാൻ സമൂഹത്തിലെ അംഗമായിത്തീരുന്നത് കൗദാശിക മെത്രാഭിഷേകത്താലും മെത്രാൻ സംഘത്തിന്റെ തലവനോടും അംഗങ്ങളോടുമുള്ള ഹയരാർക്കിക്കൽ കൂട്ടായ്മയാലുമാണ് (തിരുസഭ-22). ഓരോ മെത്രാനും തന്റെ സഭയിൽ ഐക്യത്തിന്റെ ആധാരവും അടിസ്ഥാനവുമാണ് (തിരുസഭ-23). വൈദികരാകട്ടെ മെത്രാന്മാരുടെ സംഘത്തോടു തിരുപട്ടം വഴിയും ശുശ്രൂഷകൾ വഴിയും രൂപതാ വൈദികരും സന്യാസ വൈദികരും കൂട്ടുചേരുകയും സഭ മുഴുവന്റെയും നന്മയ്ക്കുവേണ്ടി തങ്ങളുടെ ദൈവവിളിയും വരപ്രസാദവും നിമിത്തം ശുശ്രൂഷ നിർവഹിക്കുകയും ചെയ്യുന്നു (തിരുസഭ 28). സന്ന്യാസം അതാതു സമൂഹത്തിന്റെ വളർച്ചയ്ക്കും മിശിഹായുടെ ശരീരം മുഴുവന്റെയും നന്മയ്ക്കും കരുത്തു

വർദ്ധിപ്പിക്കുന്നു (തിരുസഭ-43). വിശ്വാസികൾ തീക്ഷ്ണതാപൂർവം അജപാലകരോടും മറ്റു പ്രബോധകരോടും സഹകരിച്ച് സേവനം നൽകണം. അങ്ങനെ എല്ലാവരും വൈവിധ്യത്തിൽ മിശിഹായുടെ ശരീരത്തിലുള്ള അത്ഭുതകരമായ ഐക്യത്തിനു സാക്ഷ്യം നൽകണം (തിരുസഭ 32). ഇപ്രകാരം നമ്മുടെ ശുശ്രൂഷകൾ എപ്രകാരം കൂട്ടായ്മ വളർത്തുന്നു എന്നതിലാണ് അവയുടെ മഹത്വവും സ്വീകാര്യതയും.

## പരിശുദ്ധ ത്രിത്വം കൂട്ടായ്മയുടെ കേന്ദ്രം

സഭാജീവിതത്തിന്റെ കാതൽ കൂട്ടായ്മയാണെങ്കിൽ ആ കൂട്ടായ്മയുടെ കേന്ദ്രം ത്രിയേക ദൈവമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നായിരിക്കുന്നതുപോലെ സഭാമക്കൾ എല്ലാവരും ശുശ്രൂഷാ ഭേദമെന്യേ ഒന്നായിരിക്കുവാനുള്ള വിളിയാണ്, വിശുദ്ധ മാമ്മോദീസാവഴി നമ്മൾ ഓരോരുത്തരും സ്വീകരിച്ചിരിക്കുന്നതും ജീവിക്കുവാൻ പരിശ്രമിക്കുന്നതും. ഓരോ കുടുംബത്തിലും തുടങ്ങേണ്ടതും പരിശീലിപ്പിക്കപ്പെടേണ്ടതുമായ പരിശ്രമമാണിത്. കാരണം ദൈവികപദ്ധതിയിൽ കുടുംബം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ജീവന്റെയും സ്നേഹത്തിന്റെയും ഒരു ഉറ്റ കൂട്ടായ്മയായിട്ടാണ് (സഭ ആധുനികയുഗത്തിൽ 48). ഇത് ദൈവത്തിന് മനുഷ്യവർഗ്ഗത്തോടും കർത്താവായ മിശിഹായ്ക്ക് തന്റെ മണവാട്ടിയായ സഭയോടുമുള്ള സ്നേഹത്തിന്റെ സജീവമായ ഒരു പ്രതിഫലനവും അതിലുള്ള യഥാർത്ഥ പങ്കുപറ്റലുമാണ് (കുടുംബം ഒരു കൂട്ടായ്മ 21). ഒന്നാകാനും ഒന്നിച്ചായിരിക്കുവാനുമുള്ള അടിസ്ഥാന വിളിയെ അപകടപ്പെടുത്തുന്ന ഇന്നിന്റെ പ്രവണതകളെ കൃത്യമായ ദൈവിക പ്രബോധനങ്ങളുടെ ബലത്തിൽ പ്രതിരോധിക്കണം.



ഒറ്റയാനായി കഴിയാനുള്ള പ്രവണ തികച്ചും അക്രൈസ്തവമാണ്. യാതൊന്നിനോടും ബന്ധപ്പെടാതെ തന്റെ വ്യക്തിപരമായ ആദ്ധ്യാത്മികതയിൽ മാത്രം അർത്ഥം കണ്ടെത്തുന്ന ഒറ്റയാൻ ആദ്ധ്യാത്മികത ത്രിയേക ദൈവാധിഷ്ഠിത ആദ്ധ്യാത്മികതയ്ക്ക് ചേരുന്നതല്ല. തന്നാലാവുന്നവിധം കുടുംബത്തെയും കുടുംബത്തിനു പുറത്തുള്ള സഭാകൂട്ടായ്മയെയും ബലപ്പെടുത്തുന്ന സഭാജീവിതശൈലി കുടുംബങ്ങളുടെ കുടുംബമായ ഇടവകയെ ബലപ്പെടുത്തും. കൂട്ടായ്മയെ തളർത്തുന്ന പ്രവണതകൾക്ക് പരിഹാരവുമാകും.

## കുടുംബകൂട്ടായ്മകൾ സഭയുടെ ഊർജ്ജസ്വലതയുടെ അടയാളങ്ങൾ

സഭകൾ പ്രാദേശികമായി കരുത്ത് ആർജ്ജിക്കണമെന്നും പ്രാദേശിക കുടുംബകൂട്ടായ്മകൾ അഥവാ അടിസ്ഥാനസഭാസമൂഹങ്ങൾ സഭാജീവിതത്തിന്റെ ഊർജ്ജസ്വലതയുടെ അടയാളമാകണമെന്നും ഏഷ്യയിലെ മെത്രാൻ സമിതികളുടെ ഫെഡറേഷൻ നിരീക്ഷിക്കുകയുണ്ടായി. കർത്താവിന്റെ തിരുശരീരത്തിന്റെ ഏതൊരു ചെറിയ കണികയിൽപോലും അവിടുത്തെ ജീവനും കൃപയും സന്നിഹിതമായിരിക്കുന്നതുപോലെ സഭാഗാത്രത്തിന്റെ ഏതൊരു ചെറിയ ഘടകത്തിലും സഭയുടെ ഓജസ്സും ബലവും അനുഭവവേദ്യമാകണം. ഇതൊരു പരിപാടിയാകാതെ സഭാജീവിതത്തെ അതിന്റെ ആദ്ധ്യാത്മികതയിലും, പ്രബോധനങ്ങളിലും, സാക്ഷ്യജീവിതത്തിലും ശക്തിപ്പെടുത്തുവാനുള്ള മാർഗ്ഗവും പദ്ധതിയുമാകണം. അവയുടെ പങ്കാളിത്തവും ഫലദായകത്വവും വർദ്ധിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ ഇന്നിന്റെ അനിവാര്യതയായി സഭാമക്കൾ ഒന്നുപോയി തിരിച്ചറിയണം. സഭ ഇന്ന് നേരിടുന്ന വെല്ലുവിളികൾക്കുള്ള ശക്തമായ മറുപടിയായി അവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടണം.

## മുതിർന്നവരേ, സൂചനകൾ കാണുന്നുവോ?

അതിനിർണ്ണായകമായ കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ദാമ്പത്യത്തിന്റെയും വൈവാഹിക ജീവിതത്തിന്റെയും വിശുദ്ധി മാനിക്കാതെ അവ ജീവിക്കുന്നു. സ്വവർഗ്ഗരതിയുടെയും അഴിഞ്ഞാട്ടങ്ങളുടെയും സംസ്കാരം നമ്മുടെ തൊട്ടടുത്ത് എത്തിയിരിക്കുന്നു. പുറംരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം അനിതരസാധാരണമായി വർദ്ധിക്കുന്നു. പുറത്തുള്ള സമൃദ്ധിയിൽക്കൊപ്പം അത്തരം ഇടങ്ങളിലുള്ള തിന്മയുടെ വർദ്ധിച്ച സാഹചര്യങ്ങളിലേക്ക് മക്കൾ എത്തപ്പെടുന്നു. അവിടെ തിന്മയെ ചെറുത്ത് ജീവിക്കുവാനും സുവിശേഷങ്ങൾക്ക് സാക്ഷ്യമാകുവാനും ഇളം പ്രായത്തിലും കൗമാരത്തിലും അവർക്ക് ലഭിക്കേണ്ട സ്ഥായിയായ വിശ്വാസമൂല്യങ്ങൾ നിറഞ്ഞ കുടുംബ സഭാസാഹചര്യങ്ങൾ ബലപ്പെടുത്തണം. മതബോധന ക്ലാസ്സുകളുടെ ഫലദായകത്വം ചോദ്യം ചെയ്യപ്പെടുന്നു. മുതിർന്നവരോടും അദ്ധ്യാപകരോടുമുള്ള ആദരവും കേൾക്കുവാനുള്ള സന്നദ്ധതയും അപകടകരമായി കുറഞ്ഞുവരുന്നു. ലഹരി ഉപയോഗവും അമിത സ്ക്രീൻ ആസക്തിയും മക്കളുടെ സുഖാസക്തിയും വർദ്ധിപ്പിക്കുന്നു. വിശ്വാസ രഹസ്യങ്ങൾ മനസ്സിൽ പതിയാതാകുന്നു. അകം ദുർബലമാകുമ്പോൾ





പുറത്തുനിന്നുള്ള തള്ളിക്കയറ്റങ്ങളും നുഴഞ്ഞുകയറ്റങ്ങളും നമ്മളെ കൂടുതൽ ദുഃഖത്തിലാക്കുന്നു. ഇവിടെ കുടുംബങ്ങളിലൂടെയും കുടുംബകൂട്ടായ്മകളിലൂടെയും വലിയ ഒരു വിശ്വാസ ഉയിർത്തെഴുന്നേൽപ്പ് ഉണ്ടാവണം. അതിന് നമ്മൾ സജ്ജരാകണം.

### നമ്മൾ സഭയാകണം

സഭയായി സമ്മേളിക്കുവാനുള്ള (1 കോറി. 11:18) വിളിയാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. മേൽപറഞ്ഞ എല്ലാ വ്യക്തിചലനങ്ങൾക്കുമുള്ള ഏക മറുപടിയും അതുതന്നെ. സഭയിൽ ഈശോയുടെ ശക്തി നിറയുന്നു. കൂട്ടായ്മവഴിയാണ് നമ്മൾ സഭയാകുന്നത്. ഒരാൾക്കും ഒറ്റയ്ക്ക് സഭയാകുവാൻ കഴിയുകയില്ല. കൂട്ടായ്മയിൽ ബലപ്പെടുമ്പോഴാണ് നമ്മൾ ഓരോരുത്തരും സഭയാകുന്നത്. ഇതുവഴി സ്വന്തം കുടുംബവും, കുടുംബക്കൂട്ടായ്മയും അതുവഴി ഇടവകയും സഭ കരുത്താർജ്ജിക്കും. പരിശുദ്ധ കുർബാനയിലാണ് നമ്മൾ സഭയായി പൂർണ്ണമായും സമ്മേളിക്കുന്നത്. ഈ സമ്മേളനം ദുർബലമാകുമ്പോൾ കുടുംബവും, കൂട്ടായ്മകളും ദുർബലമാകും. പരിശുദ്ധ കുർബാനയിൽനിന്നും രൂപംകൊള്ളുന്ന ആദ്ധ്യാത്മികതയിൽ അനുദിന ജീവിതത്തെ കാണുവാനും ജീവിതവ്യാപാരങ്ങളിൽ ഏർപ്പെടുവാനും കഴിയണം. ഈ ബോദ്ധ്യം ആർജ്ജിക്കുവാൻ പരിശ്രമിക്കുമ്പോൾ നമ്മൾ ഒറ്റയ്ക്കാണെങ്കിൽപോലും സഭയാകും.

### കൂട്ടായ്മകളുടെ ത്രിവിധമാനങ്ങൾ മനസ്സിലാക്കണം

പ്രാർത്ഥനയിലും പഠനത്തിലും പങ്കുവെയ്ക്കലിലും അധിഷ്ഠിതമായിരിക്കണം കുടുംബ കൂട്ടായ്മകൾ. ഇവ മൂന്നും സഭയുടെ സ്ഥായിയായ തലങ്ങളാണ്. എപ്പോഴും പ്രാർത്ഥിക്കാത്ത സഭ സഭയല്ല, നിരന്തരം പഠിക്കാത്ത സഭ സഭയല്ല, ഒപ്പം പങ്കുവയ്ക്കാത്ത സമൂഹവും സഭയല്ല. നമ്മൾ സഭയാകുന്നത് ഇവ മൂന്നിലുമുള്ള ആഴപ്പെടൽ വഴിയാണ്. യാന്ത്രികമായ് പേരിനുമാത്രം ഇവയിലുള്ള നമ്മുടെ പങ്കുചേരൽ നമ്മെ നാമമാത്ര സഭയാക്കുന്നു. അത് ഫലമണിയാത്ത അവസ്ഥയാണ്. അത്തരം സമൂഹങ്ങളിൽ സഭയുടെ ഊർജ്ജസ്വലത അനുഭവവേദ്യമാകുന്നില്ല.

### ദൈവമഹത്വത്തിനായി പ്രാർത്ഥിക്കണം

പ്രാർത്ഥിക്കുന്നത് ദൈവത്തെ മഹത്വപ്പെടുത്തിയായിരിക്കണം. അവിടുന്ന് ചെയ്ത വൻ കാര്യങ്ങൾ നമ്മുടെ മനസ്സിൽ നിറഞ്ഞുനിൽക്കണം, അവ പ്രാർത്ഥനയിൽ ധ്യാനവിഷയമാകണം. പ്രാർത്ഥനയുടെ വിഷയം ദിവ്യരഹസ്യങ്ങളാണ്. യാത്രികതയുടെ ചതിക്കുഴിയിലേക്ക് നമ്മുടെ പ്രാർത്ഥനകൾ വഴുതിവീഴാനിടയാകരുത്. അത് മടുപ്പുളവാക്കും, പ്രാർത്ഥനയുടെ ഉത്സാഹം കെടുത്തും. അതുകൊണ്ട് നമ്മൾ പ്രാർത്ഥിക്കുവാൻ പഠിക്കണം. ശിഷ്യന്മാർ ഈശോയുടെ കൂടെയായിരുന്നാലും അവർ ആവശ്യപ്പെട്ട ഒരു കാര്യം പ്രാർത്ഥിക്കാൻ തങ്ങളെ പഠിപ്പിക്കണമെന്നതായിരുന്നു (ലൂക്കാ. 11:1). പ്രാർത്ഥനയുടെ ഇടങ്ങളിൽ, നേരങ്ങളിൽ

പരമാവധി ജാഗ്രതയും ശ്രദ്ധയും പുലർത്തുന്ന രീതി സ്വന്തമാക്കണം നമ്മുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും, പരി. കുർബാനയിലും വേണ്ടത്ര ഭക്തിയും ശ്രദ്ധയും പരിശുദ്ധിയും പാലിക്കുവാൻ കഴിയുന്നില്ലെന്ന വസ്തുത നിലനിൽക്കുന്നു. സഭയുടെ ആരാധനക്രമ ചൈതന്യത്തിൽ പ്രാർത്ഥിക്കുവാനുള്ള പരിശീലനവേദികൂടിയാകണം കുടുംബ കൂട്ടായ്മകൾ കൂട്ടായ്മയിൽ പ്രാർത്ഥിക്കുമ്പോൾ നമ്മൾ സഭയാകുന്നു. പരിശുദ്ധാത്മാവ് അതിനെ മകുടമണിയിക്കുന്നു. മാർ സ്ലീവായുടെയും തിരുവചനത്തിന്റെയും പരിശുദ്ധ അമ്മയുടെയും സാന്നിദ്ധ്യം കൂട്ടായ്മകളെ വിശുദ്ധമാക്കുന്നു.

## സഭയെ ശ്രവിക്കുന്നത് പഠനം

പഠനം കൂട്ടായ്മയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. സഭ മാതാവും ഗുരുനാഥയുമാണ്. ദൈവവചനം അവൾക്ക് ഏൽപ്പിക്കപ്പെട്ട ദിവ്യ കലവറയാണ്. സഭയുടെ എല്ലാ പ്രബോധനങ്ങളും ദൈവവചനത്തിന്റെ വ്യാഖ്യാനങ്ങളാണ്. വിശുദ്ധഗ്രന്ഥം സഭയുടെ ഈ ശുശ്രൂഷയുടെ അടയാളമാണ്. വിശുദ്ധ ഗ്രന്ഥവും മാർ സ്ലീവായും കേന്ദ്രമാക്കിയാണല്ലോ കൂട്ടായ്മകൾ ഒത്തുചേരുക. പഠനത്തിനും പ്രബോധനങ്ങൾക്കും ഇത്രമാത്രം പ്രാധാന്യം നൽകുന്ന വേറേതൊരു സമൂഹമാണുള്ളത്. ഈ പഠനങ്ങളെല്ലാം അവയുടെ സാരാംശംത്തിൽ സഭയുടെ അടിത്തട്ടുകളിൽ എത്തിപ്പെടണം, സ്വാംശീകരിക്കപ്പെടണം, അതിൻപ്രകാരം ജീവിക്കണം. കുടുംബകൂട്ടായ്മയിൽ, പ്രബോധനതലം ഫലപ്രദമാകണം. ഒരു തുടർപഠനത്തിന്റെ പദ്ധതിയും ശ്രദ്ധയും അതിനായ് പുലർത്തണം. ഇതിനായ് ബഹു. സിസ്റ്റേഴ്സിന്റെയും പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന അൽമായർക്കും സേവനം ബോധപൂർവം പ്രയോജനപ്പെടുത്തണം. സഭാപ്രബോധന ശുശ്രൂഷയിൽ അവരെ ഒരുക്കണം, പങ്കാളികളാക്കണം. മുൻകൂട്ടി തയ്യാറാക്കിയ പാഠഭാഗങ്ങൾ ബഹു. വികാരിയച്ചന്റെയോ ഡയറക്ടറച്ചന്റെയോ അംഗീകാരത്തോടെ ഫലപ്രദമായി അവതരിപ്പിക്കണം. 3 മുതൽ 5 മിനിറ്റുവരെ ഇതിനായ് സമയം കണ്ടെത്തമം. അന്നത്തെ വി. ഗ്രന്ഥ വായനയുമായ് ബന്ധപ്പെടുത്തി സംശയതീർക്കലിന്റെയും കൂട്ടിചേർക്കലിന്റെയും ആധികാരിക സാന്നിദ്ധ്യമായി ബഹു. വൈദികർ നേതൃത്വം നൽകണം. കേൾക്കുക മാത്രമല്ല, പഠിച്ച് പഠിപ്പിക്കുവാൻകൂടി കുടുംബ കൂട്ടായ്മകൾ വേദിയായാൽ അവയുടെ ആന്തരിക കരുത്ത് കൂടുതൽ ശക്തമാകും. ഇക്കാര്യത്തിൽ അല്മായർ പുലർത്തുന്ന വൈമനസ്യത്തെ മാറ്റി അവരെ പ്രോത്സാഹിപ്പിക്കുവാൻ വൈദികനേതൃത്വത്തിനു കഴിയണം.

## പങ്കുവയ്ക്കലിന്റെ സംഘടിതസാക്ഷ്യവേദിയാകണം

സഭ നിലനിൽക്കുന്നത് പങ്കുവയ്ക്കാൻ തന്നെയാണ്. പങ്കുവെയ്ക്കുന്നില്ലെങ്കിൽ സഭയില്ല. അവൾ രൂപം കൊണ്ടതുതന്നെ ദൈവികമായ പങ്കുവയ്ക്കലിലൂടെയാണ്. പങ്കുവെയ്ക്കുന്നത് ധനമോ മറ്റ് ഭൗതികവിഭവങ്ങ



ളോ മാത്രമല്ല, സമയം കൊണ്ടും അറിവുകൊണ്ടും സാന്നിധ്യംകൊണ്ടും പങ്കുവെയ്ക്കൽ നടത്തണം. അപകടസമയത്ത്, ആശുപത്രിസഹായങ്ങൾ, പ്രിയപ്പെട്ടവരുടെ വിയോഗനേരങ്ങളിൽ, മറ്റ് സങ്കടസമയങ്ങളിൽ കടന്നു ചെല്ലാനും ആശ്വാസമാകാനുമുള്ള വിശ്വാസകരുത്തും നൈപുണ്യവും കൃപയും ഓരോ കൂട്ടായ്മയിലും നമ്മൾ ആർജ്ജിക്കണം. പങ്കുവയ്ക്ക ലിന് പ്രേരിപ്പിക്കപ്പെടുന്ന ദൈവിക മൂല്യങ്ങളിൽ നമ്മുടെ മക്കളെ വീടു കളിലും കൂട്ടായ്മകളിലും പരിശീലിപ്പിക്കണം. സന്തോഷാവസരങ്ങളിൽ ആത്മാർത്ഥമായി അഭിനന്ദിക്കുവാനും കൂട്ടായ്മയുടെ ചെറുതെങ്കിലും, സമ്മാനങ്ങൾ കൈമാറുവാനും ശ്രദ്ധിക്കണം.

ഒട്ടനവധി കൂട്ടായ്മകൾ ഇക്കാര്യങ്ങളിൽ തികച്ചും മാതൃകാപരമാ യും സന്തോഷപ്രദമായും പങ്കുചേരുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ ഇത് കുടുംബ കൂട്ടായ്മകളുടെ പൊതുരീതിയായ് വളർന്നിട്ടില്ല. കുടുംബ കൂട്ടായ്മകൾ പ്രാർത്ഥനയുടെയും പ്രബോധനത്തിന്റെയും പങ്കുവയ്ക്കലിന്റെയും സമൂഹങ്ങളാകണമെന്ന ലക്ഷ്യത്തെയും പൊതു ധാരണയെയും ദുർബലപ്പെടുത്തുന്നതായിരിക്കരുത് കൂട്ടായ്മയുടെ പ്രവർത്തനങ്ങളും പങ്കാളിത്വവും. സഭ തങ്ങളാണെന്നും, സഭ നമ്മോ ടൊപ്പമാണെന്നുള്ള ബോധ്യങ്ങളിലേക്ക് കുടുംബങ്ങളെ വളർത്തുവാനും ഏതെങ്കിലും കാരണത്താ മാറിനിൽക്കുവാൻ പ്രവണത കാട്ടുന്നവരെ ചേർത്തുപിടിക്കുവാനും പരിശ്രമങ്ങൾ ഉണ്ടാവണം. അതുവഴി കുടുംബ കൂട്ടായ്മകളെ സഭയുടെ ഊർജ്ജസ്വലതയും അടയാളങ്ങളായി വളർ ത്തണം.


'പരി. കുർബാനകേന്ദ്രീകൃത ജീവിതനവീകരണം:
ബലിയർപ്പണം ആരാധനസാക്ഷ്യം'

# "കരുണാർത്ഥന"

**ദേശത്തിനും കുടുംബങ്ങൾക്കും മക്കൾക്കും വേണ്ടി**
**40 ദിനരാത്ര അഖണ്ഡ പ്രാർത്ഥന**

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ കബറിടപ്പള്ളിയിൽ
**2023 ഒക്ടോബർ 17 മുതൽ നവംബർ 26 വരെ**

**ഈ അനുഗ്രഹത്തിന്റെ വലിയ ദിനങ്ങളിലേയ്ക്ക് ഏവർക്കും സ്വാഗതം.**

# ദൈവകരുണയുടെ പ്രവാചകൻ

## ദൈവദാസൻ കാവുകാട്ടു പിതാവ്

സി. ജിയോ മരിയ FCC



**ഒക്ടോബർ 9** അനവധിയായ പൂജ്യസ്മരണകളുണർത്തുന്ന പുണ്യദിനം. കാരുണ്യമൂർത്തിയായ കാവുകാട്ടുപിതാവിന്റെ 54-ാമതു ശ്രാദ്ധപ്പെരുന്നാളിനൊരുങ്ങുമ്പോൾ ആയിരക്കണക്കിനു തീർത്ഥാടകരെ സ്വീകരിക്കാനുള്ള സജ്ജീകരണങ്ങൾ തയ്യാറാകുകയാണ്. 1969 ഒക്ടോബർ 9 ലെ വത്സലപിതാവിന്റെ വേർപാട് ചങ്ങനാശ്ശേരി അതിരൂപതയെ, ജനലക്ഷങ്ങളെ കണ്ണീരണിയിച്ചെങ്കിൽ ഇന്ന് വന്ദ്യപിതാവിന്റെ ഓർമ്മ, ഉത്ഥാന മഹിമയിൽ, 'വിശുദ്ധ' കിരീടത്തിന്റെ വിളിപ്പാടകലെ വിരാജിക്കുന്ന പിതാവിനെക്കുറിച്ചുള്ള ദീപ്തസ്മരണകളുണർത്തുന്ന ആഹ്ളാദമുഹൂർത്തമാണ്. കത്തീഡ്രൽ ദേവാലയത്തോട് ചേർന്നുള്ള കബറിടപ്പള്ളിയിൽ ആയിരങ്ങൾക്ക് ആശ്വാസതീരമായിരിക്കുന്ന പുണ്യപിതാവിന്റെ കബറിടസന്ദർശനത്തിലൂടെ നിർവൃതിയടയുന്ന നാനാജാതിമതസ്ഥരായ ഭക്തരുടെ നൊമ്പരങ്ങൾ ഏറ്റുവാങ്ങി സ്വർഗപിതാവിനു സമർപ്പിച്ചുകൊണ്ടിരിക്കുന്ന പുണ്യപിതാവ് അൾത്താരവണക്കത്തിനു പാത്രമാകുന്ന ദിനത്തിനായി വിശ്വാസപൂർവം കാത്തിരിക്കാം. നാമകരണനടപടിയുടെ രൂപതാതല നടപടികൾ പൂർത്തിയാക്കി കഴിഞ്ഞു. റോമിലെ കോൺഗ്രിഗേഷൻ തുടർനടപടികൾ ത്വരിതപ്പെടുത്തട്ടെ. നമുക്കു പ്രാർത്ഥിക്കാം.

ഈശോമിശിഹായുടെ ഭൗമികജീവിതത്തിന്റെ തനിമ കാവുകാട്ടുപിതാവിലൂടെ അനുഭവിച്ചറിഞ്ഞ അനുഗൃഹീത തലമുറകളുടെ ഇങ്ങേത്തല

യ്ക്കൽ ആയിരിക്കുവാനുള്ള ഭാഗ്യം ലഭിച്ച ഈ എളിയവളുടെ ആത്മീയ നിർവൃതി അവർണനീയമാണ്. വീണ്ടുമൊരു ഓർമ്മദിനത്തിലേക്കുകടക്കുമ്പോൾ വത്സലപിതാവിനെക്കുറിച്ച് എന്തുകുറിച്ചാലും നീതിപുലർത്തുവാൻ സാധിക്കുമോ എന്ന സന്ദേഹത്തിലാണ്. അഭിവന്ദ്യ പിതാവുമായി ബന്ധപ്പെട്ട പ്രൗഢസ്മരണകൾ അയവിറക്കുമ്പോൾ വർഷങ്ങൾക്കു മുമ്പ് അവിഭക്ത ചങ്ങനാശ്ശേരി അതിരൂപതയിലെ കാഞ്ഞിരപ്പള്ളി ഫൊറോനായുടെ കീഴിലുള്ള ആനക്കല്ലു സെന്റ് ആന്റണീസ് ഇടവകയിലെ അജപാലന സന്ദർശനത്തിനിടയിൽ മെത്രാപ്പോലീത്തായുടെ പൊന്നിൻ കാപ്പയണിഞ്ഞ് വടിയും മുടിയും വെച്ച് സ്ഥൈര്യലേപന കൂദാശയിലൂടെ പരിശുദ്ധാത്മാഭിഷേകം നല്കിയ, ശാന്തതയും ഗാംഭീര്യവും നിറഞ്ഞ കാവുകാട്ടു പിതാവ് ഇന്നും എന്റെ ഓർമ്മയിൽ തിളങ്ങി നില്ക്കുന്നു. പത്താംക്ലാസ്സിലെ വാർഷികദിനത്തിൽ വിശിഷ്ടാതിഥിയായി കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് സ്കൂളിലെത്തി സമ്മാനങ്ങൾ നല്കിയ കാവുകാട്ടു പിതാവിന്റെ ചിത്രം മറക്കാനാകുന്നില്ല. അതിലുപരിയായി അതിരൂപതാ മതബോധന മത്സരപ്പരീക്ഷയിൽ ഒന്നാം സമ്മാനം കരസ്ഥമാക്കി വന്ദ്യപിതാവിന്റെ നാമഹേതുകദിനത്തിൽ ചങ്ങനാശ്ശേരി അരമനയിലെത്തി സമ്മാനം നേടിയ അഭിമാന നിമിഷങ്ങൾ ഓർമ്മയിൽ സജീവമാണ്. FCC സന്യാസ്യാർത്ഥിനിയായി ചങ്ങനാശ്ശേരിയിലെത്തിയപ്പോൾ തിങ്കളാഴ്ച ദിവസങ്ങളിൽ വൈകുന്നേരം ഞങ്ങളെ സന്ദർശിച്ചിരുന്ന പുണ്യപിതാവിന്റെ ഓർമ്മ ഇന്നും മങ്ങാതെനില്ക്കുന്നു. ആരാധ്യപുരുഷനായി ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന വന്ദ്യപിതാവിന്റ പേരിലുള്ള, B.A. അസംപ്ഷൻകോളേജിൽ ഇംഗ്ലീഷ് യൂണിവേഴ്സിറ്റി പരീക്ഷയിൽ ഒന്നാം സ്ഥാനം നേടിയവർക്കുള്ള ഗോൾഡ് മെഡൽ കരസ്ഥമാക്കിയതും വന്ദ്യപിതാവിനെ ചൂഴ്ന്നു നില്ക്കുന്ന മധുരസ്മരണകളിൽപ്പെടുന്നു.

1969-ഒക്ടോബർ 9-ാം തീയതിയിൽ ഇടിത്തീ പോലെ കാതിൽപ്പതിച്ച വന്ദ്യപിതാവിന്റെ ദേഹവിയോഗത്തെക്കുറിച്ചുള്ള വാർത്ത ആത്മാവിലേറ്റിയ ദുഃഖം അഗാധമായിരുന്നു. വത്സലപിതാവിന്റെ ദേഹവിയോഗത്തിന്റെ നാളുകൾ പിതാവിനെക്കുറിച്ചുള്ള അജ്ഞാതമായ ഒട്ടേറെ അറിവുകളും അനുഭവങ്ങളും സമ്മാനിച്ചിട്ടു കടന്നുപോയി. സംഭവബഹുലമായ ആ മഹത് ജീവിതത്തിന്റെ കാണാപ്പുറങ്ങൾ



അത്ഭുതാദരങ്ങളോടെ ആത്മാവിൽ കുറിച്ചിട്ടു. ഔന്നത്യത്തിന്റെ കിരീടം ധരിച്ചവനെങ്കിലും എളിയവരിൽ എളിയവനായി കർതൃകാരുണ്യ ത്തിന്റെ ആൾരൂപമായി മാറിയിരുന്ന ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത ആയ കാവുകാട്ടു പിതാവെന്ന ഇടയശ്രേഷ്ഠന്റെ രൂപഭാവങ്ങൾ ആയിരങ്ങളുടെ ജീവിതവഴിയിൽ മാർഗദീപമായി മാറി. വ്യക്തിപരമായ നിസാര അറിവിനു പുറമേ പിതാവിനെക്കുറിച്ച് അനേ കരിൽനിന്ന് വായ്മൊഴിയായും വരമൊഴിയായും ലഭിച്ച അറിവിന്റെ ശകലങ്ങൾ കൊരുത്തിണക്കി അതിരൂപതാ ചരിത്രത്തിന്റെ രണ്ടു വാല്യ ങ്ങളിൽ എഴുതിച്ചേർക്കുവാൻ സാധിച്ചത് എന്നെ സംബന്ധിച്ചിടത്തോളം ഒരു ഭാഗ്യസ്മരണയാണ്.

സെന്റ് മേരീസ് കത്തീഡ്രൽ ഇടവകയുടെ മുഖപത്രമായ 'ഇടയ'ന്റെ ഒക്ടോബർ ലക്കത്തിൽ മഹാഇടയനായ കാവുകാട്ടുപിതാവിനെക്കുറിച്ച് ഏതാനും വരികൾ എഴുതിചേർക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. വന്ദ്യപിതാവിന്റെ ജീവിതത്തെ ഉറ്റുനോക്കുമ്പോൾ മനസ്സിൽ തെളിയു ന്നത് ഈശോയുടെ കരുണാർദ്രസ്നേഹത്തിന്റെ മുഖശോഭയാണ്. 1950 നവംബർ 9-ാം തീയതി റോമിൽ വെച്ച് മെത്രാഭിഷേകം സ്വീക രിച്ച കാവുകാട്ടുപിതാവ് 1951 ജനുവരി 3-ാം തീയതി 'സ്നേഹത്തിൽ സേവനം', 'In Caritate Servire', എന്ന ആദർശവാക്യം ഹൃദയത്തിൽ എഴു തിച്ചേർത്തുകൊണ്ട് ചങ്ങനാശ്ശേരി രൂപതയുടെ സാരഥ്യം ഏറ്റെടുത്തു. പിതാവിന്റെ ഹൃദയത്തിൽ കരവിഞ്ഞൊഴുകിയ ദൈവസ്നേഹം കാരു ണ്യ നിർഝരിയായി വേദനിക്കുന്ന ജനലക്ഷങ്ങളിലേക്കൊഴുകിയ മാന വസ്നേഹത്തിന്റെ കഥകളുടെ സമാഹാരമെന്ന് കാവുകാട്ടുപിതാവിന്റെ ജീവിതത്തെ ചുരുങ്ങിയ വാക്കുകളിൽ നിർവചിക്കാനാകും. ദൈവികമായ കരുണയുടെയും സ്നേഹത്തിന്റെയും വിനയത്തിന്റെയും ഇതര സുവി ശേഷ സുകൃതങ്ങളുടെയും അപൂർവവും അതുല്യവുമായ മാതൃകയായി പിതാവിന്റെ ജീവിതത്തെ എടുത്തു വാഴ്ത്തുന്ന ആരാധകവൃന്ദത്തിന്റെ സാക്ഷ്യങ്ങൾ ഏറെയുണ്ട്. പിതാവിന്റെ വാക്കും പ്രവൃത്തിയും സുതാ ര്യതയുടെ മൂശയിൽ വാർത്തെടുത്തവയായിരുന്നു.

ആബാലവൃദ്ധം ജനങ്ങളെ അവരവരുടേതായ ജീവിതപശ്ചാത്തലത്തിൽ നിന്നുകൊണ്ടു തഴുകിത്തലോടിയ പിതൃവാത്സല്യത്തിന്റെ കഥകൾ ഏ റെയാണ്. ഓരോ വാക്കിലും പ്രവൃത്തിയിലും വിശുദ്ധിയുടെ പരിവേഷം മിന്നിത്തിളങ്ങിയപ്പോൾ ജനഹൃദയങ്ങൾ ദൈവികമായ ആനന്ദത്തിലാറാ ടി. പിതാവിന്റെ സമയത്തിന്റെ അധികഭാഗവും തന്നെ കാണാനെത്തുന്ന നാനാജാതിമതസ്ഥർക്കായി നീക്കിവെച്ചു. കണ്ടുമുട്ടിയ എല്ലാവർക്കും ഹൃദയത്തിൽ ഇടം നല്കിയ നല്ല ഇടയന്റെ ഹൃദ്യമായ സമീപനരീതി പിതാവിന്റെ ആന്തരികസൗന്ദര്യത്തിന്റെ മാറ്റു തെളിയിച്ചിരുന്നു. ചങ്ങ നാശ്ശേരിയിൽ വെച്ച് പിതാവുമായി സുദീർഘപരിചയമുണ്ടായിരുന്ന, പിതാവിനെ അടുത്തറിയാമായിരുന്ന മാർ മാത്യു വട്ടക്കുഴി പിതാവിന്റെ വാക്കുകൾ കടമെടുത്താൽ, 'മധുരമായ സംഭാഷണ രീതി, സന്തോഷ വും സംതൃപ്തിയും വഴിഞ്ഞൊഴുകുന്ന വചസുകൾ, നർമ്മബോധം

*(ശേഷം പേജ് 33)*

# ആദരാഞ്ജലികൾ





നമ്മുടെ ഇടവകയിൽ നിന്നും
(കാക്കാംതോട് സെന്റ് ജോസഫ് വാർഡ്)
നിത്യസമ്മാനത്തിന് യാത്രയായ
**ബഹു. തോമസ് പോളയ്ക്കൽ (86) SDB.**
അച്ചന്റെ ആത്മശാന്തിക്കായി
നമുക്കു പ്രാർത്ഥിക്കാം.

നമ്മുടെ വികാരി ബഹുമാനപ്പെട്ട
ജോസ് കൊച്ചുപറമ്പിൽ അച്ചന്റെ മാതാവ്
**എലിക്കുട്ടി മാത്യു (87)**
നിത്യസമ്മാനത്തിനായി യാത്രയായി.
പരേതയുടെ ആത്മശാന്തിക്കായി
നമുക്കു പ്രാർത്ഥിക്കാം.

**മെത്രാപ്പോലീത്തൻ ഇടവകയുടെ പ്രാർത്ഥനാഞ്ജലികൾ...**


**അക്ഷയ** **അലൂമിനിയം ഫാബ്രിക്കേഷൻ**

ചങ്ങനാശേരി, ഫോൺ: 9446713438



PVC Celing, Kitchen Cup board,
Bathroom Door, Misquitto Window,
Air hole, Patrition,
Curtain Work, Ventilation etc.

**കൊതുകിൽ നിന്നും മോചനം**


മാതൃപ്രീതി വേദി കുടുംബസംഗമം - 2023 ജൂൺ 13


തോമസ് മൂർ ദിനാചരണം 2023 ജൂൺ 18


ദുക്റാനത്തിരുനാൾ ജൂലൈ 3


ലഹരിവിരുദ്ധ ദിനാചരണം 2023 ജൂൺ 25





മണിപ്പൂർ ഐക്യദാർഢ്യ ദിനാചരണം - 2023 ജൂൺ 25




മാർ ചാൾസ് ലവീഞ്ഞ് പിതാവിന്റെ ചരമവാർഷികം
(ജൂലൈ 11, 1913 )


മുതിർന്നവർക്കുള്ള മാമോദീസാത്തൊട്ടി വെഞ്ചരിപ്പ്







വി. യാക്കോബ് ശ്ലീഹായുടെ തിരൂശേഷിപ്പ് പ്രയാണം – ജൂലൈ 25







വി. അൽഫോൻസാമ്മയുടെ തിരുനാൾ – ജൂലൈ 28



മർത്ത് മറിയത്തിന്റെ
ശൂനായ തിരൂനാൾ – ഓഗസ്റ്റ് 15



വി. ജോൺ ബെർക്ക്മാൻസിന്റെ തിരുശേഷിപ്പ്
പ്രതിഷ്ഠ - ഓഗസ്റ്റ് 13



മർത്ത് മറിയത്തിന്റെ പിറവിത്തിരുനാൾ – സെപ്റ്റംബർ 8



മാർ സ്ലീവായുടെ പൂകഴ്ചയുടെ തിരുനാൾ – സെപ്റ്റംബർ 14



ഓണാഘോഷം – 2023




കാക്കാംതോട് കുരിശടിയിൽ മാർ തോമാശ്ലീഹായുടെ തിരുനാൾ



വെജിറ്റബിൾ മാർക്കറ്റ് കുരിശടിയിൽ വ്യാകുലമാതാവിന്റെ തിരുനാൾ




അങ്ങാടി കുരിശടിയിൽ വി. മിഖായേൽ മാലാഖയുടെ തിരുനാൾ

## സൺഡേസ്കൂളുകൾ...













# അഭിനന്ദനങ്ങൾ



അതിരൂപതാ യുവദീപ്തി
കലോത്സവത്തിൽ ഉപന്യാസ മത്സരത്തിൽ
രണ്ടാം സ്ഥാനം കരസ്ഥമാക്കിയ
**പൗളിൻ മരിയ ജോബിന്**
മെത്രാപ്പോലീത്തൻ ഇടവകയുടെ
അഭിനന്ദനങ്ങൾ...



അതിരൂപതാ യുവദീപ്തി
കലോത്സവത്തിൽ നോട്ടീസ് രചനയിൽ
മൂന്നാം സ്ഥാനം കരസ്ഥമാക്കിയ
**കാർമ്മൽ ജോബിക്ക്**
മെത്രാപ്പോലീത്തൻ ഇടവകയുടെ
അഭിനന്ദനങ്ങൾ...



അതിരൂപതാ യുവദീപ്തി കലോത്സവത്തിൽ ആന്തം മത്സരത്തിൽ
ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കത്തീഡ്രൽ യുവദീപ്തി ടീം

# *In Loving Memory of*



# KUNJUMON JOB

KAITHARAM

MARCH 09,1964-OCTOBER 19,2020

3RD DEATH ANNIVERSARY

*"I have fought the good fight, I have finished the race, I have kept the faith. Now there is in store for me the crown of righteousness, which the lord, the righteous Judge, will award to me on that day and not only to me but also to all who have longed for his appearing"*

*- 2 Thimothy 4; 7-8*



# സ്നേഹസ്മരണയ്ക്ക്





## ജോസഫ് ജോബ്

മരണം: 20.09.2000

## ത്രേസ്യാമ്മ ജോബ്

ജനനം: 18.11.1935
മരണം: 20.12.2020

### കല്ലുകളം, വാഴപ്പള്ളി

(Union Glass Emporium)



*പേജ് 24 തുടർച്ച...*

തിര തല്ലുന്ന വചോവിലാസം, സ്നേഹനിർഭരമായ ഉപദേശശകലങ്ങൾ എന്നു വേണ്ട മാന്യതയുടെ അതിർത്തിയും, പക്വതയുടെ പരിധിയും സൗമ്യതയുടെ സീമയും ആ സംഭാഷണത്തിന്റെ പ്രത്യേകതകളായിരുന്നു. ആരെക്കണ്ടാലും സ്നേഹത്തിന്റെയും ഉപചാരത്തിന്റെയും രണ്ടുവാക്കു പറയുക പിതാവിനു സന്തോഷമുള്ള കാര്യമായിരുന്നു.' പിതാവു കോപിച്ചതായി ആരും കണ്ടിട്ടില്ല. ദൈവീകാധികാരം വിനയപൂർവ്വം വിനിയോഗിച്ച ആർച്ചുബിഷപ്പ് എന്ന് കാവുകാട്ടു പിതാവിനെ ഏവരും വിലയിരുത്തി. ഏതു പ്രതിസന്ധിഘട്ടത്തിലും പിതാവിനോടു സംസാരിച്ചവരൊക്കെ ശാന്തതയോടും സമാധാനത്തോടും കൂടി മാത്രമേ തിരിച്ചു പോയിട്ടുള്ളൂ. കർദ്ദിനാൾ പാറേക്കാട്ടിൽ പിതാവ് കാവുകാട്ടു പിതാവിനെ വിശേഷിപ്പിച്ചത് 'അജാതശത്രു' എന്നാണ്. ഭിന്നാഭിപ്രായക്കാരോടു പുലർത്തിയിരുന്ന വിശാല വീക്ഷണവും സഹിഷ്ണുതയും ഏവരേയും വശീകരിച്ചു. തന്നെ സമീപിച്ച എല്ലാവരേയും സൗമനസ്യപൂർവം സ്വീകരിച്ച് അവരിലെ നല്ല വശങ്ങൾ കണ്ട് ആദരിച്ചു എന്നതാണു സത്യം. പരസ്നേഹത്തിനു ഭംഗം വരുന്നതൊന്നും അരുത് എന്നു പിതാവു ശഠിച്ചിരുന്നു. സഭയിൽ വിപ്ലവകാഹളം മുഴക്കി ഏറെക്കാലം വിഘടിച്ചു നിന്ന വടക്കനച്ചന്റെ വാക്കുകൾ പിതാവിന്റെ ഹൃദയഭാവങ്ങൾ വിളിച്ചോതുന്നവയാണ്. 'എന്നെപ്പോലുള്ളൊരു കമ്മ്യൂണിസ്റ്റുകാരനെ ഒരാർച്ചുബിഷപ്പായ പിതാവു സഹായിച്ചു! എന്തൊരു റിസ്ക് ആണത്! അനുരഞ്ജനമനോഭാവമായിരുന്നു പിതാവിന്റേത്. ഒരു മനുഷ്യനോടും വെറുപ്പോ നീരസമോ ഇല്ലായിരുന്നു. ശാന്തതയും, സൗമ്യതയും, സൗഹാർദ്ദവും, നിതാന്ത സമചിത്തതയും! എന്തൊരുതങ്കപ്പെട്ട സ്വഭാവം! ഒരു മിനിറ്റു കിട്ടിയാൽ ജപമാല എടുത്തുരുട്ടുന്നു. ഈ മനുഷ്യനു തുല്യം ആരെയെങ്കിലും കാട്ടിത്തരാമോ?' ഏതു കഠിനഹൃദയത്തെയും അലിയിക്കുവാൻ ആർദ്രഹൃദയനായ പിതാവിനു സാധിച്ചു. പിതാവിന്റെ ഹൃദയത്തിൽ തങ്ങിനിന്ന അനുകമ്പയ്ക്കു ശാസനയെക്കാൾ മൂർച്ചയുണ്ടായിരുന്നു.

സ്വന്തജനത്തെ മാത്രമല്ല മനുഷ്യസമൂഹത്തെ മുഴുവൻ ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന പിതാവ് ഗൗരവപൂർവം, അതേസമയം ശാന്തമായി ഇടപെട്ടിട്ടുള്ള ജനകീയപ്രശ്നങ്ങളും നിരവധിയാണ്. 1959-ലെ വിമോചനസമരത്തിലും വിദ്യാഭ്യാസപ്രക്ഷോഭണത്തിലും പിതാവ് നല്കിയ ധീരവും ക്രൈസ്തവോചിതവുമായ നേതൃത്വത്തിലും മാനവസ്നേഹത്തിന്റെ മുദ്ര പതിഞ്ഞിട്ടുണ്ട്.

'ദൈവം സ്നേഹമാണെന്നും സ്നേഹം ദൈവികമാണെന്നും ജീവിതം കൊണ്ടു തെളിയിച്ച പാവങ്ങളുടെ പിതാവ്. ജീവിതക്ലേശങ്ങൾ കൊണ്ടു നട്ടം തിരിയുന്ന, അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ അനേകർ പിതാവിനെ ദിവസം തോറും സമീപിച്ചിരുന്നു. അങ്ങനെയുള്ളവർക്ക് എന്തെങ്കിലും സഹായം നല്കി ആശ്വാസത്തിന്റെ വാക്കുകൾ കൊണ്ട് അവരെ സമാധാനിപ്പിച്ചയച്ച പാവങ്ങളുടെ പിതാവ്'. പിതാവിനോടു

ദീർഘനാളത്തെ പരിചയമുണ്ടായിരുന്ന പി.എസ്. മാത്യു സാറിന്റെ ഈ പ്രസ്താവം പിതാവിന്റെ കാരുണ്യത്തിന്റെ നേർസാക്ഷ്യമാണ്.

പിതാവിന്റെ ഇടയലേഖനങ്ങൾ കരുണയുടെ കൈയൊപ്പു ചാർത്തിയവയായിരുന്നു. പ്രഥമ ഇടയലേഖനത്തിലെ സുപ്രധാന വരികളിലൂടെ കടന്നുപോകുമ്പോൾ പിതാവിന്റെ ഹൃദയതാളമായിരുന്ന കരുണാർദ്രസ്നേഹത്തിന്റെ ആഴങ്ങൾ നമ്മുടെ ഹൃദയങ്ങളെ തരളിതമാക്കും. 'സഹായത്തിനായി നിങ്ങളുടെ നേർക്കു നീട്ടപ്പെടുന്ന അഗതികളുടെ കരങ്ങൾക്കു പിന്നിൽ മിശിഹായുടെ കരങ്ങൾ നിങ്ങൾ കാണണം. ദാരിദ്ര്യത്തിന്റെയും രോഗത്തിന്റെയും മർദ്ദനംമൂലം അവന്റെ കണ്ണിൽ നിന്നടർന്ന വീഴുന്ന കണ്ണുനീരിൽ മിശിഹായുടെ കണ്ണുനീർ നിങ്ങൾ കാണണം. നിങ്ങളുടെ ഔദാര്യത്തിനു വേണ്ടി യാചിക്കുന്ന ഭിക്ഷുവിന്റെ ദീനരോദനത്തിൽ മിശിഹായുടെ സ്വരം നിങ്ങൾ കേൾക്കണം.' ഈശോയുടെ നോട്ടവും കേൾവിയും സംവേദനക്ഷമതയും സ്വന്തമാക്കാനുള്ള ആഹ്വാനമാണിത്. പാവങ്ങളോടും പീഡിതരോടും, ചൂഷിതരോടും അടുപ്പം പുലർത്തിയ നല്ലിടയന്റെ ഹൃദയം വാചാലമാകുന്ന മറ്റൊരു ഇടയലേഖനത്തിൽ ഇങ്ങനെ കുറിക്കുന്നു.

'ഓരോ ഇടവകയിലും രോഗം കൊണ്ടും ദാരിദ്ര്യം കൊണ്ടും വളരെയധികം വലയുന്നവരുണ്ട്. സാമ്പത്തിക അവശതകൾകൊണ്ടു പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കാൻ നിർവാഹമില്ലാതെ വിഷമിക്കുന്നവരുണ്ട്. ഇങ്ങനെയുള്ളവരെ സഹായിക്കാൻ ഓരോ പള്ളിയും ഒരു ജീവകാരുണ്യഫണ്ട് ഏർപ്പെടുത്തേണ്ടതാണ്.' ഈ ഫണ്ടു സ്വരൂപിക്കാനുള്ള രീതിയും നിർദ്ദേശിച്ചിരുന്നു.

തന്റെ പക്കലേക്കു കടന്നുവരുന്ന അഗതികൾക്കു നല്കാൻ ദിവസംതോറും പിതാവ് കടലാസുപെട്ടിയിൽ അടുക്കിവെച്ചിരുന്ന നോട്ടുകെട്ട് സന്ധ്യയോടെ തീർന്നിരിക്കും. പിതാവിന്റെ മുറിയിൽ കടന്നുചെല്ലുവാൻ ഭിക്ഷുക്കൾക്കും അഗതികൾക്കും വിലക്കുണ്ടായിരുന്നില്ല. കബളിപ്പിക്കപ്പെട്ട സന്ദർഭങ്ങളിലും പിതാവ് അവരുടെ പക്ഷത്തു നിന്നിട്ടുണ്ട്.

മനുഷ്യസ്നേഹിയായ കാവുകാട്ടു പിതാവ് ഭവനസന്ദർശനങ്ങളിലൂടെ പാവങ്ങളുടെ വേദന ഒപ്പിയെടുത്തിരുന്നു. ചങ്ങനാശ്ശേരി അങ്ങാടിയിലും ചന്തയിലുമൊക്കെ വസിച്ചിരുന്നവരുടെ ഭവനപ്രശ്നങ്ങൾ പിതാവിനെ വ്യാകുലപ്പെടുത്തിയിരുന്നു. പാവങ്ങളുടെ കുടിലുകൾ കയറിയിറങ്ങി വേദനയോടെ തിരിച്ചു വന്ന പിതാവ് ഇപ്രകാരമൊരു തീരുമാനത്തിലെത്തി. ''ആ പാവങ്ങൾക്ക് ആഹാരമില്ല, വസ്ത്രമില്ല, കയറിക്കിടക്കാൻ ഇടമില്ല. സഹായം അനിവാര്യമായ ഇത്തരം പാവങ്ങളുടെ ഒരു പട്ടിക നമുക്കു തയ്യാറാക്കണം. അതിനു ജാതിമത പരിഗണന പാടില്ല.'' ലിസ്റ്റു സൂക്ഷിക്കുവാൻ വേണ്ടിയല്ല, അവർക്കു വേണ്ട സഹായം എത്തിക്കാനായിരുന്നു അത്.

ഈ കാരുണ്യവിപ്ലവത്തിന്റെ പരമകാഷ്ഠയാണ് തന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തെക്കുറിച്ചുള്ള പിതാവിന്റെ പ്രഖ്യാപനം.



അതു ദീനാനുകമ്പയുടെ ഒരാഘോഷമാക്കി മാറ്റണമെന്നു പിതാവു ശഠിച്ചു. 'പൗരോഹിത്യ രജതജൂബിലി പ്രമാണിച്ച് ഇടവകാടിസ്ഥാനത്തിലോ രൂപതാടിസ്ഥാനത്തിലോ ആഘോഷങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. ഇടവകകൾ തോറും വീടില്ലാത്തവർക്കു വേണ്ടി പണിതിട്ടുള്ള വീടുകളുടെ ഫോട്ടോ അടങ്ങിയ ആൽബമായിരിക്കും പൗരോഹിത്യ രജതജൂബിലി സംബന്ധിച്ച് എനിക്ക് ഏറ്റം പ്രിയങ്കരമായ ഉപഹാരം.'' സർക്കാരിന്റെ ലക്ഷം വീട് പദ്ധതിക്കും ലോകമെമ്പാടുമുള്ള ഭവനദാനപ്രസ്ഥാനങ്ങൾക്കും പ്രചോദനമായത് പിതാവിന്റെ ഈ സ്നേഹവിപ്ലവമായിരുന്നു. ചരിത്രം തിരുത്തിക്കുറിച്ച ഒരു ജൂബിലി ആഘോഷം.

1961–62 കാലത്തെ കിരാതമായ ഉടുമ്പൻചോല കുടിയിറക്കിന്റെ കാലത്ത് കുടിയിറക്കപ്പെട്ട ആയിരക്കണക്കിനു കുടുംബങ്ങളിൽ പട്ടിണികൊണ്ടു മരിച്ചുകൊണ്ടിരുന്നവരുടെ ദയനീയാവസ്ഥയിൽ ഹൃദയംനൊന്ത കാവുകാട്ടു പിതാവ് ലോറി നിറയെ ഭക്ഷണസാധനങ്ങൾ കൊടുത്തുവിട്ട സംഭവം സമൂഹമനഃസാക്ഷിയെ ചലിപ്പിക്കാനിടയായി. അമരാവതിയിൽ കുടിയിരുത്തപ്പെട്ട കുടുംബങ്ങളെ സന്ദർശിക്കുവാൻ ദീനദയാലുവായ പിതാവ് ആശ്വാസദൂതനായി എത്തി നിർലോപമായ സഹായം നല്കിയത് ഗവൺമെന്റിന്റെ പോലും കണ്ണുതുറപ്പിച്ച സംഭവമാണ്. സ്വന്തജനത്തെ മാത്രമല്ല മനുഷ്യസമൂഹത്തെ മുഴുവൻ ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന പിതാവ് ഗൗരവപൂർവം, അതേസമയം ശാന്തമായി ഇടപെട്ടിട്ടുള്ള ജനകീയപ്രശ്നങ്ങളും നിരവധിയാണ്. 1959–ലെ വിമോചനസമരത്തിലും വിദ്യാഭ്യാസപ്രക്ഷോഭണത്തിലും പിതാവ് നല്കിയ ധീരവും ക്രൈസ്തവോചിതവുമായ നേതൃത്വത്തിലും മാനവസ്നേഹത്തിന്റെ മുദ്ര പതിഞ്ഞിട്ടുണ്ട്.

സകലർക്കും പ്രിയങ്കരനും മാനവസ്നേഹത്തിന്റെ പ്രവാചകനുമായി ഈ ലോകത്തിൽ തിളങ്ങിയ കാവുകാട്ടു പിതാവ്, അദൃശ്യനായ സ്വർഗീയ പിതാവിന്റെ വാത്സല്യവും കരുണയും സ്നേഹവും കൊണ്ട് ജനഹൃദയങ്ങളിൽ പ്രതിഷ്ഠ നേടിയ പിതാവ് ഇന്നു സ്വർഗത്തിൽ ഏവർക്കും മധ്യസ്ഥനാണ്.

കാവുകാട്ടു പിതാവിന്റെ അനുകമ്പാർദ്രസ്നേഹത്തിന്റെ മറ്റൊരു സാക്ഷ്യമാണ് പിതാവു ജാതിമതഭേദമെന്യേ കുട്ടികളോടു കാണിച്ചിട്ടുള്ള അതിരറ്റ സ്നേഹം. 'കുഞ്ഞുമക്കളോടും പിതാവു സംസാരിക്കുന്നു.' എന്ന പ്രതിമാസ പംക്തിയിൽ വേദപ്രചാരമധ്യസ്ഥന്റെ ആദ്യതാളുകളിൽ പ്രത്യക്ഷപ്പെട്ടിരുന്ന പിതാവിന്റെ കത്തുകൾ കുട്ടികളുടെയും മുതിർന്നവരുടെയും പരിശീലനത്തിനുപകരിച്ച ഈടുറ്റരേഖകളായിരുന്നു. ഹൃദയത്തിൽ തങ്ങുന്ന ഉദാഹരണങ്ങളിലൂടെ പിതാവു വരച്ചുകാട്ടിയ പാഠങ്ങൾ ജീവിതത്തിലൊരിക്കലും മറക്കാനാവാത്തതായിരുന്നു.

കരുണാർദ്രസ്നേഹത്തിന്റെ കാവൽദൂതരാകുവാൻ പിതാവു സ്ഥാപിച്ച സമർപ്പിത സമൂഹങ്ങളാണ് 1961 ൽ ചങ്ങനാശ്ശേരിയിൽ രൂപംകൊണ്ട

സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്, അഗതികളുടെ സംരക്ഷണാർത്ഥം വില്ലൂന്നിയിൽ പിതാവ് അംഗീകരിച്ച് നല്കിയ ജോസഫൈൻ സന്യാസമൂഹം എന്നിവ.

ഈശോയുടെ കരുണാർദ്രമുഖം അനാവരണം ചെയ്തുകൊണ്ട് കന്യാകുമാരി മിഷന്റെ തുടക്കത്തിനും വളർച്ചയ്ക്കും പിതാവു നല്കിയ സംഭാവന അവിസ്മരണീയമാണ്. പാവങ്ങളുടെ ഉറ്റമിത്രമായിരുന്ന കാവുകാട്ടുപിതാവ് ദലിതു കത്തോലിക്കരുടെ സ്നേഹിതനായിരുന്നു. അതിന്റെ പ്രകടസാക്ഷ്യമാണ് ദലിതു കത്തോലിക്കരുടെ വിദ്യാഭ്യാസത്തിനും സാംസ്കാരിക സംഘടനകളുടെ നടത്തിപ്പിനുമായി അരമനയ്ക്കടുത്ത് പിതാവ് എഴുതിക്കൊടുത്ത സ്ഥലത്തു നിലകൊള്ളുന്ന കാവുകാട്ടുനഗർ.

'സ്നേഹചൈതന്യത്തിൽ സേവിക്കുക' എന്ന മുദ്രാവാക്യം അന്തിമ നിമിഷം വരെ അന്വർത്ഥമാക്കിയ പിതാവ് അതിരൂപതയിൽ അവശേഷിപ്പിച്ചിട്ടുപോയ അനവധി സ്മാരകങ്ങളുണ്ട്. എന്നാൽ ഏറ്റവും വലിയ സ്മാരകം നിലകൊള്ളുന്നത് ജനലക്ഷങ്ങളുടെ ഹൃദയങ്ങളിലാണ്. 'സ്വന്തം പിതാവിന്റെ ഭവനം പോലെ എല്ലാവരും കരുതിയ സ്ഥലമാണ് കാവുകാട്ടു പിതാവിന്റെ അരമന. അരമനയിൽ വരുന്ന സകലരും സംതൃപ്തിയാകുവോളം ഇരുന്നു വിശ്രമിക്കുന്ന ഒരു സ്ഥലമുണ്ട്. കാവുകാട്ടു പിതാവിന്റെ ഹൃദയം' പിതാവിന്റെ സെക്രട്ടറിയായിരുന്ന ഉറുമ്പയ്ക്കൽ അലക്സ് അച്ചന്റെ ഈ വാക്കുകൾ വിശുദ്ധിയുടെ സുഗന്ധമൂറുന്ന ആ ഹൃദയത്തണലിലേക്ക് അനേകരെ ആകർഷിക്കുന്ന ക്ഷണപത്രമാണ്. നമുക്കും അവിടെ ചേക്കേറാം.

സകലർക്കും പ്രിയങ്കരനും മാനവസ്നേഹത്തിന്റെ പ്രവാചകനുമായി ഈ ലോകത്തിൽ തിളങ്ങിയ കാവുകാട്ടു പിതാവ്, അദൃശ്യനായ സ്വർഗീയ പിതാവിന്റെ വാത്സല്യവും കരുണയും സ്നേഹവും കൊണ്ട് ജനഹൃദയങ്ങളിൽ പ്രതിഷ്ഠ നേടിയ പിതാവ് ഇന്നു സ്വർഗത്തിൽ ഏവർക്കും മധ്യസ്ഥനാണ്. ദൈവമനുഷ്യനും വിശുദ്ധനുമായ പിതാവ് മനുഷ്യസേവനത്തിന്റെ വൈവിധ്യമാർന്ന ഇടങ്ങളിൽ ദൈവത്തിന്റെ പ്രതിനിധിയായി മനുഷ്യനെ സ്നേഹിച്ചെങ്കിൽ പിതാവിനോടുള്ള നമ്മുടെ പ്രതിസ്നേഹം തീർത്ഥാടനങ്ങളിൽ ഒതുങ്ങാതെ പിതാവിന്റെ ജീവിക്കുന്ന പ്രതിരൂപങ്ങളായി മാറാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം. ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ എരിഞ്ഞു ശോഭിച്ച ആ സ്നേഹതാരം നമ്മുടെ ജീവിതവഴികളിൽ മാർഗദീപമാകട്ടെ. വിശുദ്ധമായവ വിശുദ്ധിയോടെ കൈകാര്യം ചെയ്ത് അനുകമ്പയുടെ ആൾരൂപമായി നമ്മെ നയിച്ച സ്നേഹപിതാവിന്റെ വിശുദ്ധപദ പ്രഖ്യാപനത്തിനായി നമുക്കും പ്രാർത്ഥനയോടെ കാത്തിരിക്കാം.







# ഇടവക വാർത്തകൾ

## കുടുംബകൂട്ടായ്മ - ബൈബിൾ അപ്പോസ്തലേറ്റ്

സഭയുടെ കരുത്ത് കൂട്ടായ്മയും കെട്ടുറപ്പുമാണ്. നമ്മുടെ ഇടവകയിലെ കുടുംബകൂട്ടായ്മകളുടെ പ്രവർത്തനോദ്ഘാടനം 'കൊയ്നോനിയ 2023' എന്ന പേരിൽ, കത്തീഡ്രൽ വികാരി റവ. ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ നിർവ്വഹിച്ചു. കുടുംബകൂട്ടായ്മ - ബൈബിൾ അപ്പോസ്തലേറ്റ് അതിരൂപത ഡയറക്ടർ റവ. ഫാ. ജോർജ്ജ് മാന്തുരുത്തിയിൽ മുഖ്യപ്രഭാഷണം നടത്തിയ സമ്മേളനത്തിൽ പ്രൊഫ. പി.സി. അനിയൻകുഞ്ഞ് കുടുംബകൂട്ടായ്മകളുടെ പ്രവർത്തനത്തെപ്പറ്റി ക്ലാസ് നയിച്ചു. ഫൊറോനാ ഡയറക്ടറും കത്തീഡ്രൽ അസി. വികാരിയുമായ റവ. ഫാ. ടോജോ പുളിക്കപ്പടവിൽ, ഡിഎഫ്സി സംഘടന ഭാരവാഹി ശ്രീ. ആന്റണി മലയിൽ, കുടുംബകൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ, കൈക്കാരൻ ശ്രീ. എ.ജെ. ജോസഫ് ആലഞ്ചേരി, ശ്രീ. സോണി കരിമറ്റം, കത്തീഡ്രൽ വാർഡ് കൺവീനർ ശ്രീ. ബെന്നി തോമസ് എന്നിവർ സംസാരിച്ചു.

ചങ്ങനാശേരി മുനിസിപ്പൽ ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെട്ട (നമ്മുടെ ഇടവകയിൽ നിന്നും അധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രഥമ വനിത) ശ്രീമതി ബീന ജോബി തൂമ്പുങ്കൽ, ചങ്ങനാശേരി ഫൊറോനാ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. സൈബി അക്കര എന്നിവരെ ആദരിച്ചു. കൂട്ടായ്മ പ്രവർത്തനം ഏകീകരിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ സ്ട്രെക്ച്ചർ കാർഡ് കൂട്ടായ്മകൾക്ക് വിതരണം ചെയ്തു.

അതിരൂപതയിലെ എല്ലാ ഫൊറോനകളിലും കെരിഗ്മ കുടുംബകൂട്ടായ്മ ലീഡേഴ്സ് സംഗമം നടന്നുവരികയാണ്. 2023 ഒക്ടോബർ 2 തിങ്കൾ ഉച്ചകഴിഞ്ഞ് 2 മുതൽ 4.20 വരെ ചങ്ങനാശേരി ഫൊറോനാ കൺവെൻഷൻ നമ്മുടെ കത്തീഡ്രൽ പള്ളിയിൽവച്ച് നടന്നു. ഫൊറോനയിലെ 16 ഇടവകകളിലെയും കൂട്ടായ്മ ലീഡേഴ്സും ഡിഎഫ്സി ഭാരവാഹികളുമായി ഏകദേശം 250-ഓളം ആളുകൾ കെരിഗ്മയിൽ പങ്കെ

ടുത്തു. വികാരി ജനറാൾ ബഹു. വർഗീസ് താനമാവുങ്കലച്ചൻ യോഗം ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. പ്രശസ്ത വചനപ്രഘോഷകൻ ഫാ. ജിസൺ പോൾ കൺവെൻഷൻ നയിച്ചു.

കുടുംബകൂട്ടായ്മ - ബൈബിൾ അപ്പസ്തോലേറ്റിന്റെയും, മെത്രാപ്പോലിത്തൻ ഇടവകയുടെയും, കത്തീഡ്രൽ യുവദീപ്തിയുടെയും വിവിധ ഇടവകയിലെ അല്മായ സഹോദങ്ങളുടെയും നേതൃത്വത്തിൽ കരുണാർത്ഥന - 40 ദിനരാത്രം അഖണ്ഡപ്രാർത്ഥനയുടെ നാലാം വർഷത്തെ ശുശ്രൂഷകൾ 2023 ഒക്ടോബർ 17 മുതൽ നവംബർ 26 വരെ കബറിടപ്പള്ളിയിൽ നടക്കുകയാണ്. കരുണാർത്ഥന പ്രാർത്ഥനയിൽ നമുക്കും പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കാം.. കേരളസഭാ നവീകരണ കാലഘട്ടം കൂടുതൽ ഫലപ്രദമാക്കുക എന്ന ലക്ഷ്യത്തോടെയും നൂറുമേനി- വചനം ഹൃദയത്തിലും ജീവിതത്തിലും എന്ന നിയോഗത്തോടെയും സെപ്റ്റംബർ 17 ഞായർ രാത്രി അതിരൂപതാ കുടുംബകൂട്ടായ്മ-ബൈബിൾ അപ്പസ്തോലേറ്റ് നടത്തിയ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് നയിച്ച നൂറുമേനി ബൈബിൾ കൺവൻഷനിൽ ഇടവകയിൽനിന്നും നല്ല പങ്കാളിത്തം ഉണ്ടായിരുന്നു.

കുര്യാളശേരി പിതാവിന്റെ ചരമവാർഷികാചരണത്തിലും ശ്രാദ്ധത്തിലും മറ്റും കുടുംബകൂട്ടായ്മകൾ നൽകിയ ശുശ്രൂഷ വളരെ ശ്ലാഘനീയമാണ്. കാവുകാട്ട് പിതാവിന്റെ ഭവനനിർമ്മാണ ഫണ്ടിലേക്ക് സംഭാവന കവർ, നോട്ടീസ്, വികാരിയച്ചന്റെ കത്ത് എന്നിവ കൂട്ടായ്മകൾവഴി ലഭ്യമായിട്ടുണ്ട്. ദൈവദാസൻ കാവുകാട്ടുപിതാവിന്റെ 54-ാം ചരമവാർഷികത്തോടനുബന്ധിച്ച് കൂട്ടായ്മയുടെയും ഇടവകയിലെ സംഘടനയുടെയും ഇടവക ജനങ്ങളെയും ഉൾപ്പെടുത്തി വിവിധ കമ്മറ്റികൾ സജീവമായി പ്രവർത്തനം തുടങ്ങി. ഇടവകദിനത്തോടനുബന്ധിച്ച് മികച്ച കൂട്ടായ്മകളെ തിരഞ്ഞെടുക്കുന്ന പ്രധാന മാനദണ്ഡങ്ങളിലൊന്ന് അതിരൂപത തയ്യാറാക്കി നൽകിയിരിക്കുന്ന റിപ്പോർട്ട് ബുക്കിൽ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണെന്നുള്ള വിവരം കൂട്ടായ്മ ലീഡേഴ്സ് ശ്രദ്ധിക്കുമല്ലോ. കൂട്ടായ്മ എന്നാൽ നല്ല ബന്ധം എന്നാണല്ലോ അർത്ഥമാക്കുക. കൂട്ടായ്മയിൽ നമുക്കും സഭയോടും സഭാ പ്രവർത്തനങ്ങളിലും സജീവമായി ചേർന്ന് പ്രവർത്തിക്കാം... പങ്കുചേരാം....

**ജോബി തൂമ്പുങ്കൽ** (ജനറൽ കൺവീനർ)

## മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ

### മെത്രാപ്പോലീത്തൻ സൺഡേസ്കൂളിന്റെയും കത്തീഡ്രൽ മിഷൻലീഗിന്റെയും ത്രൈമാസ റിപ്പോർട്ട്

സെന്റ് മേരീസ് മെത്രാപ്പോലീത്തൻ സൺഡേസ്കൂളിന്റെ 2023-24 ലെ പ്രവർത്തനവർഷം ജൂൺ 4-ാം തീയതി ബഹു. വികാരി ജോസ് കൊച്ചുപറമ്പിലച്ചൻ തിരിതെളിച്ച് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ സൺഡേസ്കൂൾ ഡയറക്ടർ റവ. ഫാ. ലിപിൻ തുണ്ടുകളം,

ഹെഡ്മാസ്റ്റർ ഡോ. ആന്റണി മാത്യു കണ്ടംങ്കരി എന്നിവരുടെ നേതൃത്വത്തിൽ കീഴിൽ അഡീഷണൽ സ്റ്റാഫ് ഉൾപ്പെടെ 53 അദ്ധ്യാപകരുടെ സ്തുത്യർഹമായ സേവനം ലഭിക്കുന്നു. 2023-24 അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്ത വികാരി അച്ചൻ അദ്ധ്യാപകർക്ക് എല്ലാവർക്കും തിരി കത്തിച്ചുകൊടുത്തുകൊണ്ട് ആശംസകൾ നേർന്ന് സംസാരിച്ചു. ഒപ്പം നവാഗതരായ കുട്ടികൾക്ക് സ്വീകരണം നൽകുകയും ചെയ്തു.

## ലോകപരിസ്ഥിതി ദിനം

ജൂൺ 5 ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ട് പള്ളിപരിസരത്ത് മരം നട്ടുപിടിപ്പിച്ചു.

## സൺഡേസ്കൂൾ പ്രവർത്തനം

എല്ലാ ഞായറാഴ്ചയും രാവിലെ 9.30 മുതൽ 1 മണി വരെയുള്ള സമയക്രമീകരണമാണുള്ളത്. കുട്ടികൾ 9.30 യ്ക്ക് തന്നെ പള്ളിയിൽ എത്തുന്നു. ഈ വർഷം പുതിയതായി ചാർജ്ജ് എടുത്ത ബ്രദർ റോബിൻ, ബ്രദർ വർഗീസ് എന്നിവരുടെ സേവനം വിശ്വാസപരിശീലന വഴിത്താരയിൽ ഓജസ്സും തേജസ്സും നൽകുന്നു. ആഘോഷമായ പരി. കുർബാനയും കുർബാന മദ്ധ്യേയുള്ള വായനകൾ അതാത് ക്ലാസ്സ് അദ്ധ്യാപകരും കുട്ടികളും ചേർന്ന് നടത്തുന്നു. സൺഡേസ്കൂളിനോട് ചേർന്ന് കൊച്ചുകുട്ടികൾക്കായി തിരുബാലസഖ്യം, സൺഡേസ്കൂൾ കുട്ടികൾക്കായ് മിഷൻലീഗ്, അൾത്താരബാലസഖ്യം എന്നിവ സജീവമായി പ്രവർത്തിച്ചുവരുന്നു.



## എയ്ഞ്ചൽസ് മീറ്റ്

ചങ്ങനാശേരി ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഈ വർഷത്തെ എയ്ഞ്ചൽസ് മീറ്റ് സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. 13 പള്ളികളിൽ നിന്നായി 225 ഓളം കുഞ്ഞുമാലാഖമാർ പങ്കെടുത്തു. ഫൊറോന മിഷൻലീഗ് ഡയറക്ടർ ഫാ. സ്മിത്ത് സ്രാമ്പിക്കൽ കുട്ടികൾക്കുള്ള പരി. കുർബാനയർപ്പിച്ചു. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ കുഞ്ഞുമാലാഖമാരെ കാണാൻ എത്തുകയും കുട്ടികൾക്ക് ഉപദേശങ്ങൾ നൽകുകയും ചെയ്തു.

## മിഷൻലീഗ് ശാഖാതല ഉദ്ഘാടനം

സൺഡേസ്കൂളിനോടൊപ്പം പ്രവർത്തിച്ചുവരുന്നു. മിഷൻലീഗിന്റെ ശാഖാതല ഉദ്ഘാടനം പരി. കുർബാനയ്ക്ക് ശേഷം നിർവ്വഹിച്ചു. പുതിയ കുട്ടികളെ സംഘടനയിലേക്ക് പ്രവേശിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാർത്ഥനകൾ ചൊല്ലുകയും ബാഡ്ജ് വെഞ്ചരിച്ച് ഡയറക്ടർ ഫാ. ലിപിൻ തുണ്ടുകളം കുട്ടികൾക്ക് നൽകുകയും അനുമോദിക്കുകയും ചെയ്തു.

## ശനിയാഴ്ച സമ്മേളനം

എല്ലാ ശനിയാഴ്ചയും മിഷൻലീഗിലെ കുട്ടികൾ രാവിലെ 7 ന്റെ പരി. കുർബാനയ്ക്ക് വരുകയും തുടർന്ന് മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്യുന്നു. ഓരോ ആഴ്ചയിലും അനുസ്മരിക്കുന്ന വിശുദ്ധനെ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും ബർത്ത്ഡേയുള്ളവരെ വിഷ് ചെയ്യുകയും ചെയ്യുന്നു. ഈ വർഷം ഫൊറോന മിഷൻലീഗിന്റെ അദ്ധ്യാപക പ്രതിനിധി പ്രസിഡന്റായി തിരഞ്ഞെടുത്ത ശ്രീ. സണ്ണി കോയിപ്പള്ളി സാറിന് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

## പി.റ്റി.എഫ്. പ്രതിനിധികൾ

ഈ വർഷത്തെ ജനറൽ ബോഡി പി.റ്റി.എ. മീറ്റിംഗിൽ പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ലിജു പുന്നൂസ്, ശ്രീമതി സിൽവി ജോസഫ്, ശ്രീമതി വിമല സെബാസ്റ്റ്യൻ, ശ്രീ. സോണി സെബാസ്റ്റ്യൻ, ശ്രീമതി റിനി ജോസഫ് എന്നിവർക്ക് അഭിനന്ദനങ്ങൾ.



### കൈത്താങ്ങ്

മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസവും ഗവ. ഹോസ്പിറ്റലിൽ ഒരു നേരത്തെ ആഹാരം കൊടുക്കാൻ തീരുമാനിച്ചു. വികാരി അച്ചന്റെയും കൊച്ചച്ചന്മാരുടെയും അദ്ധ്യാപകരുടെയും കുഞ്ഞുമിഷനറിമാരുടെയും സഹായത്തോടെ അത് ചെയ്തുവരുന്നു.

## സ്കോളർഷിപ്പ്

2022-23 ഫൊറോന ലെവൽ നടത്തിയ സ്കോളർഷിപ്പ് മത്സരത്തിൽ 5-ാം ക്ലാസ്സിലെ ജീമ ജോസഫ് പുതുപ്പറമ്പിലിനു സർട്ടിഫിക്കേറ്റും കാഷ് അവാർഡും ലഭിച്ചു. ജീമയ്ക്ക് സൺഡേസ്കൂൾ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

### ആനുവൽ ഡേ

നമ്മുടെ പിതാവായ മാർ തോമശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനത്തിൽ സൺഡേസ്കൂൾ വാർഷികവും നടത്തി. അദ്ധ്യാപകദിനവും ആചരിച്ചു. സമ്മേളനത്തിന്റെ മുഖ്യാതിഥി ഫാ. റെജി പ്ലാത്തോട്ടം ആയിരുന്നു. സമ്മേളനത്തിൽ 2022-23 ൽ സ്കോളർഷിപ്പ്, 100% ഹാജർ എന്നിവയ്ക്ക് എൻഡോവ്മെന്റുകൾ നൽകി.

### ക്ലാസ്സ് പി.റ്റി.എ.

ഈ വർഷത്തെ ക്ലാസ്സ് പി.റ്റി.എ. ജൂലൈ 9 ന് ആരംഭിച്ചു. 12-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ് കൊടുത്തു.

**ടീച്ചേഴ്സ് കൂട്ടായ്മ**

ഈ വർഷത്തെ അദ്ധ്യാപക കൂട്ടായ്മ ഡോ. ആന്റണി മാത്യു വട്ടക്കളം സാറിന്റെ ഭവനത്തിൽ വച്ചു നടത്തപ്പെട്ടു.

**ബേത്ലേഹം മീറ്റ്**

ജൂലൈ 30-ാം തീയതി ആദ്യത്തെ ബേത്ലഹേം മീറ്റ് അങ്ങാടി പോത്തോട് വാർഡിൽ ജറോ കിഴക്കേഅറക്കലിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു. ഫാ. ലിപിൻ തുണ്ടുകളം, ബ്രദർ റോബിൻ, ബ്രദർ വർഗീസ്, അസി. ഹെഡ്മാസ്റ്റർ രാജുസാർ, ജോമോ കാട്ടടി, സി. മരിയ, സണ്ണിസാർ, സിലി, വിജി എന്നിവരും 45 ഓളം കുഞ്ഞുമിഷനറിമാരും പങ്കെടുത്തു.

**വൊക്കേഷൻ സെമിനാർ**

ജൂലൈ 30 ന് 9 മുതൽ 12-ാം ക്ലാസ്സ് വരെ കുട്ടികൾക്കായി ദൈവവിളി സെമിനാർ നടത്തി. ആൺകുട്ടികൾക്കായി ബ്ര. റോബിനും പെൺകുട്ടികൾക്കായി സി. ക്ലാരീസ് സിഎംസി യും ക്ലാസ്സ് നയിച്ചു.

**അൽഫോൻസാ തീർത്ഥാടനം**

35-ാമത് അൽഫോൻസാ തീർത്ഥാടനത്തിന്റെ ഭാഗമായി കുഞ്ഞു മിഷനറിമാർ ഒരു മാസം പ്രാർത്ഥിച്ചൊരുങ്ങി. 5 വാർഡുകളിലായി കൂട്ടായ്മ അടിസ്ഥാനത്തിൽ അദ്ധ്യാപകരോടൊപ്പം ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥനകൾ നടത്തി പിരിവ് ശേഖരിക്കുകയും ചെയ്തു. ആഗസ്റ്റ് 5 ന് നടത്തിയ അൽഫോൻസാ ജന്മഗൃഹത്തിലേക്ക് പാറേപള്ളിയിൽ നിന്ന് ആരംഭിച്ച തീർത്ഥാടകരോടൊപ്പം കത്തീഡ്രൽ ദൈവാലയത്തിലെ സൺഡേസ്കൂളിലെ 130 കുട്ടികളും മാതാപിതാക്കളും വികാരി ജോസ് കൊച്ചുപറമ്പിലച്ചന്റെ അനുഗ്രഹ ആശീർവ്വാദത്തോടെ കുടമാളൂരിലേയ്ക്ക് പദയാത്ര നടത്തി. ഈ യാത്ര കൂടുതൽ ദൈവാനുഗ്രഹപ്രദമായിരുന്നു.



**സെന്റ് ബർക്കുമാൻസ് ഡേ**

ആഗസ്റ്റ് 13-ാം തീയതി അൾത്താരബാലന്മാരുടെ മദ്ധ്യസ്ഥനായ സെന്റ് ബർക്കുമാൻസിന്റെ തിരുനാൾ ദിനത്തിൽ അൾത്താരബാലദിനം ആചരിച്ചു. അന്നേദിനം വിശുദ്ധന്റെ തിരുശേഷിപ്പ് എസ്.ബി. കോളേജ് ചാപ്പലിൽനിന്ന് ഭക്ത്യാദരപൂർവ്വം കത്തീഡ്രൽ പള്ളിയങ്കണത്തിൽ എത്തിക്കുകയും ബഹു. വികാരി ജോസ് കൊച്ചുപറമ്പിലച്ചൻ തിരുശേഷിപ്പ് സ്വീകരിച്ച് പള്ളിയുടെ പ്രധാന കവാടത്തിൽ സ്ഥാപിക്കുകയും ചെയ്തു. അതിരൂപത സൺഡേസ്കൂൾ ഡയറക്ടർ റവ. ഫാ. ഡോ. ആൻഡ്രൂസ് പാണംപറമ്പിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. പുതിയ അംഗങ്ങൾ വിശുദ്ധവസ്ത്രമായ കൊത്തീന നൽകുകയും ചെയ്തു.

**ഓണാഘോഷം**

ആഗസ്റ്റ് 27 'കേളി 2023' അദ്ധ്യാപകരുടേയും കുട്ടികളുടേയും നേതൃത്വത്തിൽ ആഘോഷിച്ചു. കുട്ടികൾക്ക് വിവിധയിനം കലാപരിപാടികൾ നടത്തുകയും ഓണപായസം നൽകുകയും ചെയ്തു.

**ആദരാഞ്ജലികൾ**

ബഹു. വികാരി ജോസ് കൊച്ചുപറമ്പിലച്ചന്റെ മാതാവിന്റെയും സ്റ്റാഫ് സെക്രട്ടറി സി. അമൽ മരിയയുടെ മാതാവിന്റെ നിര്യാണത്തിലും സൺഡേസ്കൂൾ കുടുംബം ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**ഫൊറോനാ കലോത്സവം**

ഫൊറോന രചനാമത്സരത്തിൽ നമ്മുടെ കുട്ടികൾ പങ്കെടുത്തു കലോത്സവ നടത്തിപ്പിനായി അദ്ധ്യാപകരുടെ സഹായസഹകരണങ്ങൾ ഉണ്ടായിരുന്നു.

മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിന്റെ വെല്ലുവിളികൾ മനസ്സിലാക്കിക്കൊണ്ട് ഇളംതലമുറയെ വിശ്വാസപരിശീലനവേദിയിൽ സജീവമായി ഭാഗഭാക്കാക്കാനും ദൈവാലയത്തോട് ചേർന്ന് കുഞ്ഞുങ്ങൾ നിൽക്കുവാനും അവരെ ഈശോയോടു ചേർത്തുനിർത്തുവാനും നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ.

## കത്തീഡ്രൽ യുവദീപ്തി

കത്തീഡ്രൽ യുവദീപ്തി അംഗങ്ങൾ ഒരാഴ്ചയിലേറെയായി ഇടവകയിലെ ഭവനങ്ങളിൽനിന്നും ആക്രി സാധനങ്ങൾ ശേഖരിച്ച് അതിൽനിന്നും കിട്ടിയ പണം സ്വരൂപിച്ച് ഇടവകയിലെ നിർദ്ധനരായ കുട്ടികൾക്ക് ബാഗ്, ബുക്ക് മറ്റു പഠനോപകരണങ്ങൾ എന്നിവ ഡയറക്ടർ ബഹു. റ്റോജോ പുളിക്കപ്പടവിൽ അച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.

2023 ജൂലൈ 2-ാം തീയതി നടത്തിയ നിരണം തീർത്ഥാടനത്തിൽ യുവദീപ്തി അംഗങ്ങൾ സജീവമായി പങ്കുചേർന്നു. നിരണം പള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് അർപ്പിച്ച ദിവ്യബലിയിൽ കത്തീഡ്രൽ യുവദീപ്തി പങ്കുകൊണ്ടു. സെന്റ് ജെയിംസ് കുരിശടിയുടെ തിരുനാളിനോടനുബന്ധിച്ച് വി. യാക്കോബ് ശ്ലീഹായുടെ തിരുശേഷിപ്പ് പ്രയാണവും പ്രതിഷ്ഠയുമായി ബന്ധപ്പെട്ട് മെത്രാസനഭവനത്തിൽനിന്നും കുരിശടിയിലേക്ക് നടന്ന ബൈക്ക് റാലിയിൽ കത്തീഡ്രൽ യുവദീപ്തി അംഗങ്ങളുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു.

ജൂൺ 22 ന് യുവജനങ്ങളുടെ മദ്ധ്യസ്ഥനായ വി. തോമസ് മൂർ ദിനാചരണം നടത്തി. അന്നേദിവസം രാവിലെ 7 മണിയുടെ പരി. കുർബാനക്കുശേഷം വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ പതാക ഉയർത്തി. തുടർന്ന് നടന്ന സമ്മേളനത്തിൽ കത്തീഡ്രൽ യൂണിറ്റ് പ്രസിഡന്റ് ജോയൽ ജോബി തൂമ്പുങ്കൽ വിശുദ്ധ തോമസ് മൂറിനെ അനുസ്മരിച്ച്

സംസാരിച്ചു. ഡയറക്ടർ ഫാ. റ്റോജോ പുളിക്കപ്പടവിൽ ആമുഖപ്രസംഗം നടത്തി.

വർഷം തോറും നടത്തിവരുന്ന വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ഈ വർഷവും ജൂലൈ 28 ന് ഭക്ത്യാദരപൂർവ്വം കൊണ്ടാടുകയുണ്ടായി. പ്രസുദേന്തിമാരും നൊവേന ഏറ്റുകഴിച്ചവരും വളരെ കൂടുതലുള്ള വർഷം എന്നതിലുപരി അടുക്കും ചിട്ടയുമായി നടന്ന പ്രദക്ഷിണത്തിലും ഇടവക ജനങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്നു.



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ സമാപനത്തോടനുബന്ധിച്ച് കത്തീഡ്രൽ യുവദീപ്തി അംഗങ്ങൾ മണിപ്പൂർ കലാപത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഫ്ളാഷ് മോബ് അവതരിപ്പിക്കുകയുണ്ടായി. ഇടവക നടത്തിയ മണിപ്പൂർ ഐക്യദാർഢ്യറാലിയിൽ മണിപ്പൂരിന്റെ ദുരിതം കാണിക്കുന്ന ഒരു ഫ്ലോട്ട് ക്രമീകരിച്ചു.

ചങ്ങനാശേരി ഫൊറോന യുവദീപ്തി എസ്എംവൈഎം നടത്തിയ ത്രിദിന ക്യാമ്പിൽ കത്തീഡ്രൽ യുവദീപ്തിയിൽനിന്നും 25 ഓളം അംഗങ്ങൾ പങ്കെടുത്തു. അതിൽ മികച്ച ക്യാമ്പറായി എബിൻ ആന്റോ മാർട്ടിൻ, മികച്ച ട്രൂപ്പ് ലീഡറായി മാർട്ടിൻ യോഹന്നാൻ എന്നിവർ തെരഞ്ഞെടുത്തു.

യുവജനദിനത്തോടനുബന്ധിച്ച് അതിരൂപത യുവദീപ്തി എസ്എംവൈഎം നടത്തിയ 'എസ്പെരൻസാ' (കവർ സോംഗ് കോമ്പറ്റീഷൻ) മത്സരത്തിൽ കത്തീഡ്രൽ യുവദീപ്തിയുടെ വീഡിയോ മനോഹരമായി മികച്ച നിലവാരത്തോടെ ചിത്രീകരിച്ച് പ്രദർശിപ്പിച്ചു.

അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ ജന്മദിനം കത്തീഡ്രൽ യുവദീപ്തി അംഗങ്ങൾ ആഘോഷിക്കുകയുണ്ടായി. അഭിവന്ദ്യ പെരുന്തോട്ടം പിതാവിനോടൊപ്പം വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ, ഡയറക്ടർ ഫാ. ടോജോ പുളിക്കപ്പടവിൽ, ഫാ. ടോണി കരിക്കണ്ടം, കൈക്കാരന്മാർ എന്നിവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

ഇന്ത്യയുടെ 77-ാം സ്വാതന്ത്ര്യത്തോടനുബന്ധിച്ച് കത്തീഡ്രൽ വികാരി പെരിയ ബഹുമാനപ്പെട്ട ജോസ് കൊച്ചുപറമ്പിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചങ്ങനാശേരി മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ബീനാ ജോബി തൂമ്പുങ്കൽ ദേശീയ പതാക ഉയർത്തി. യുവദീപ്തി ഡയറക്ടർ ഫാ. ടോജോ പുളിക്കപ്പടവിൽ, എ.ജെ. ജോസഫ് ആലഞ്ചേരി, അരുൺ ടോം തോപ്പിൽ, ജോയൽ ജോബി തൂമ്പുങ്കൽ, ജാസ് ജിജി പേരകശേരി എന്നിവർ പ്രസംഗിച്ചു.

കത്തീഡ്രൽ യുവദീപ്തിയുടെയും മാതൃവേദിയുടെയും നേതൃത്വത്തിൽ ഓണാഘോഷം നടത്തി. പഴയ പള്ളിമേടയുടെ മുൻവശത്ത് യുവദീപ്തി അംഗങ്ങൾ അത്തപ്പൂക്കളമൊരുക്കി. വടംവലി, കസേരകളി ലെമൺ ആൻഡ് സ്പൂൺ, ഓണപ്പാട്ട്, മലയാളി മങ്ക തുടങ്ങിയ മത്സരങ്ങളോടെ ആരംഭിച്ച് ഓണപ്പായസത്തോടുകൂടി 2023 ലെ ഓണാഘോഷം അവസാനിച്ചു.

യുവദീപ്തി-എസ്എംവൈഎം ചങ്ങനാശേരി ഫൊറോന നടത്തിയ ഉത്സവ് 2023 കലോത്സവത്തിൽ കത്തീഡ്രൽ യുവദീപ്തി ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. പത്തരമാറ്റിന്റെ പകിട്ടുമായി പതിറ്റാണ്ടുകൾക്കുശേഷം ഫൊറോനാ കലോത്സവത്തിൽ പങ്കെടുത്ത് ചാമ്പ്യൻഷിപ്പ് നേടാൻ ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിക്കട്ടെ. രക്ഷാധികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ ഡയറക്ടർ ഫാ. റ്റോജോ പുളിക്കപ്പടവിൽ, ആനിമേറ്റർ റവ. സി. ജോസി സിഎംസി, ടീം മാനേജർ കെവിൻ തോമസ് കടവിൽ, കലോത്സവ കോ-ഓർഡിനേറ്റർ ക്രിസ്റ്റിൻ തോമസ് അക്കര തുടങ്ങി എല്ലാ യുവജന സുഹൃത്തുക്കൾക്കുമുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുകയാണ്.



എല്ലാ ശനിയാഴ്ചകളിലും കത്തീഡ്രൽ യുവദീപ്തിയുടെ നേതൃത്വത്തിൽ രാത്രി 7 മുതൽ 8 വരെ നിശാരാധന നടന്നുവരുന്നു. ആരാധനയിൽ പങ്കുചേർന്ന് ദൈവാനുഗ്രഹം പ്രാപിപ്പാൻ ഏവരെയും ക്ഷണിക്കുന്നു.

**ജോയൽ ജോബി തൂമ്പുങ്കൽ** (പ്രസിഡന്റ്)

**ജിസ് ജിജി പേരകശേരി** (സെക്രട്ടറി)

## കത്തീഡ്രൽ മാതൃപിതൃവേദി

ഓരോ മാതൃത്വവും പിതൃത്വവും മഹത്വപൂർണ്ണമാണ് എന്ന ആപ്തവാക്യത്തെ മുൻനിർത്തി ഇടവകയിലെ ഓരോ മാതാവും പിതാവും ഏറ്റം ജാഗ്രതയോടെ ഈ സംഘടനയിൽ പ്രവർത്തിച്ചുവരുന്നു. കഴിഞ്ഞ ജൂൺ മാസം മുതൽ ഇടവകയിൽ നടന്നുവരുന്ന ഓരോ പ്രധാനപ്പെട്ട ചടങ്ങുകൾക്കും മാതൃപിതൃവേദിയുടെ സജീവപങ്കാളിത്തം എടുത്തുകാണിക്കുന്നു. ജൂൺമാസത്തിൽ നടത്തിയ ധന്യൻ മാർ കുര്യാളശേരി പിതാവിന്റെ അനുസ്മരണത്തോടനുബന്ധിച്ച് നടത്തിയ ജപമാല പ്രദക്ഷിണത്തിലും മറ്റു തിരുക്കർമ്മങ്ങൾക്കും സംഘടനാ അംഗങ്ങൾ മുൻപന്തിയിൽ പ്രവർത്തിക്കുക ഉണ്ടായി. പിതാവിന്റെ ശ്രാദ്ധാടിയന്തിരം ഊട്ടുനേർച്ച തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും അതീവ ജാഗ്രത പുലർത്തി. അതിരൂപതയുടെയും ഫൊറോനയുടെയും നിയമ

ങ്ങൾ പാലിച്ചുകൊണ്ട് ഓരോ മാസത്തിലും യൂണിറ്റുകളിൽ നടത്തേണ്ട പ്രവർത്തനം നടത്തുന്നു.

**വിധവാസംഗമം:** വിധവകൾക്ക് വേണ്ടി ബഹുമാനപ്പെട്ട ലൂയിസ് വെള്ള യാനിക്കൽ അച്ചന്റെ ക്ലാസ്സും കുമ്പസാരവും ആരാധനയും നടത്തുകയും ചെയ്തു.

**ഏലീശ്വാ സന്ദർശനം:** ഇടവകയിലെ ഗർഭിണികളെ സന്ദർശിക്കുക ആനിമേറ്റർ സിസ്റ്ററിന്റെ സാന്നിദ്ധ്യത്തിൽ പ്രാർത്ഥന നടത്തുകയും മധുരപലഹാരങ്ങളും കൊന്തയും നല്കുകയും ചെയ്തു. ജൂൺ 11 ന് ഇടവകയിലെ കുടുംബങ്ങളെ ഒന്നിച്ച് ചേർത്ത് 'കുടുംബസംഗമം' നടത്തുകയും മുതിർന്ന മാതാപിതാക്കളെ ആദരിക്കുകയും വിവാഹ വാർഷികം, ബർത്ത് ഡേ, പഠനത്തിലും വിവിധ മത്സരങ്ങളിലും ഉയർന്ന സ്ഥാനം കരസ്ഥമാക്കിയ കുട്ടികളെ ആദരിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു. ബഹുമാനപ്പെട്ട യൂണിറ്റ് ഡയറക്ടർ ജസ്റ്റിൻ കൈതക്കളം അച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ ഓരോ ഭവനങ്ങളിലെത്തി 'ഗ്രാന്റ് പേരന്റ്സ് ഡേ' നടത്തുകയും അതിന് ഫൊറോനയിൽ നിന്ന് മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

ജൂലൈ മാസത്തിൽ പണ്ടകശാല കുരിശടിയിൽ സ്പെയിനിൽ നിന്ന് കൊണ്ടുവന്ന വി. യാക്കോബ് ശ്ലീഹായുടെ തിരുശേഷിപ്പ് തിരുനാളിനൊരുക്കമായി പള്ളിയിൽ പരസ്യവണക്കത്തിനായി പ്രതിഷ്ഠിക്കാൻ തീരുമാനമായതിൽ പ്രകാരം ചങ്ങനാശേരി അരമനയിൽ നിന്ന് പണ്ടകശാലയിലേക്കു കൊണ്ടുവരുന്നതിന് കത്തീഡ്രൽ മാതൃവേദി അംഗങ്ങൾ എല്ലാവിധ സഹകരണങ്ങളും നല്കിയിരുന്നു. ഓഗസ്റ്റ് മാസത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ കർമ്മങ്ങളിലും സെപ്റ്റംബർ മാസത്തിലെ മാതാവിന്റെ ജനനത്തിരുനാളിനും എല്ലാവിധ സഹകരണം നല്കി മാതൃവേദി ജന്മ-ദിനത്തിന്റെ ഭാഗമായി അതിരൂപത മാതാക്കൾക്കായ് നടത്തിയ 'ടാബ്ലോ' മത്സരത്തിൽ അതിരൂപതയിൽനിന്നും ഫൊറോനയിൽ നിന്നും കത്തീഡ്രൽ മാതൃവേദി ഒന്നാംസ്ഥാനം കരസ്ഥമാക്കി.

ഓണാഘോഷത്തിന്റെ ഭാഗമായി **'ആർപ്പ് 2023'** എന്ന പരിപാടി സംഘടിപ്പിക്കുന്നതിനും കത്തീഡ്രൽ യുവദീപ്തിയും മാതൃവേദിയും ഒറ്റക്കെട്ടായി നിന്ന് ഓണക്കളികൾ നടത്തുകയും സമ്മാനങ്ങളും ഓണപ്പായസവും നൽകുകയും ചെയ്തു. ഔരോ മാസത്തിലുമുള്ള യൂണിറ്റ് മീറ്റിംങ്ങുകളിൽ പുതിയ തീരുമാനങ്ങൾ എടുക്കുകയും ഡയറക്ടർ അച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നിർദ്ദേശത്തോടു 'ഇരവുചിറ സ്നേഹാലയം 'ട്രസ്റ്റിലെ അന്തേവാസികൾക്ക് ഇടവകയിലെ വിവിധ വാർഡു കൂട്ടായ്മകളിൽ നിന്ന് ശേഖരിച്ച് എല്ലാ മാസവും ആദ്യതിങ്കളാഴ്ച പൊതിച്ചോറുകൾ എത്തിച്ചു കൊടുക്കുന്നു.

ഇടവകയിലെ രോഗികൾ നിർദ്ധനർ എന്നിവരെ കണ്ടെത്തി അവർക്കു വേണ്ട മരുന്നും മറ്റു സഹായങ്ങളും നൽകി വരുന്നു. ഈ കൂട്ടായ്മയെ ഭംഗിയായ് മുന്നോട്ടു നയിക്കുന്നതിന് ഞങ്ങൾക്കു പ്രചോദനം നൽകു

കയും ഞങ്ങളെ ഒരേചരടിൽ കോർത്ത മുത്തുകളെപ്പോലെ ചേർത്തു നിർത്തുകയും ചെയ്യുന്നു.

## സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ

നമ്മുടെ ഇവകയിൽ 1938 – ൽ പ്രവർത്തനം ആരംഭിച്ച സെന്റ് വിൻസെന്റ് ഡി പോൾ സംഘടന 85 പ്രവർത്തന വർഷങ്ങൾ പൂർത്തീകരിച്ചിരിക്കുന്നതിന് ദൈവത്തിന് നന്ദി പറയുന്നു.

സെപ്റ്റംബർ 9 ന് സൊസൈറ്റി സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക്ക് ഓസാനാമിന്റേയും സെപ്റ്റംബർ 27ന് വി. വിൻസെന്റ് ഡി പോളിന്റേയും തിരുനാളുകളിൽ അംഗങ്ങൾ ഒന്നിച്ച് പരി. കുർബാനയിൽ പങ്കുകൊണ്ടും ദത്തുകുടുംബങ്ങൾക്ക് പൊതിച്ചോർ നൽകിയും എളിയ രീതിയിൽ ആഘോഷിക്കുകയുണ്ടായി. തിരുനാളിനോടനുബന്ധമായി സെപ്റ്റംബർ മാസം ആത്മവിശുദ്ധീകരണ മാസമായാണ് ആചരിച്ചത്.

ഇക്കഴിഞ്ഞ പ്രവർത്തനവർഷം നിർധനരായ 10 ദത്തുകുടുംബാംഗങ്ങൾക്ക് ഭക്ഷ്യസഹായമായി 10,5410 രൂപയും വിദ്യാഭ്യാസം/വസ്ത്രം എന്നിവയ്ക്കുള്ള സഹായമായി 11,596 രൂപയും മൃതസംസ്കാര ചിലവുകൾക്കായി 12,500 രൂപയും നൽകുകയുണ്ടായി. സഹായം അർഹിക്കുന്ന മറ്റു കുടുംബാംഗങ്ങൾക്ക് ചികിത്സാ സഹായമായി 193,656 രൂപയും വിദ്യാഭ്യാസ സഹായമായി 4000 രൂപയും തൊഴിൽ സഹായമായി 4000 രൂപയും ഭക്ഷ്യ സഹായമായി 7000 രൂപയും ഭവന നിർമ്മാണത്തിനും നവീകരണത്തിനുമായി 1,94,624 രൂപയും നൽകുകയുണ്ടായി. ബാലികാഭവന് ഭക്ഷ്യസഹായമായി 15,700 രൂപയും ചിലവഴിച്ചു.

ആവശ്യ സന്ദർഭങ്ങളിൽ സർക്കാർ ദുരിതാശ്വാസ ക്യാമ്പിനായികൂടി ഉപയോഗിക്കുന്ന നമ്മുടെ പണ്ടകശാല കടവ് സ്കൂളിന്റെ നവീകരണത്തിനായി 60,000 രൂപയും നൽകുകയുണ്ടായി. ഇന്റർ ടിന്നേജ് ഇനത്തിൽ പറാൽ, വെട്ടിത്തുരുത്ത് കോൺഫറൻസുകൾക്ക് 16,000 രൂപ സഹായമായി നൽകി.

### വാല്യൂ എഡ്യൂക്കേഷൻ ടു ദ് പുവർ

മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ദിനപത്രം വാങ്ങാൻ സാമ്പത്തികശേഷിയില്ലാത്തതും ഹൈസ്കൂൾ / കോളേജ് വിദ്യാർത്ഥികൾ ഉള്ളതുമായ 6 ഭവനങ്ങൾക്ക് സ്പോൺസേഴ്സ് വഴി 'ദീപിക' ദിനപത്രം വർഷം മുഴുവൻ വിതരണം ചെയ്തു വരുന്നു. വായനാശീലം വളർത്തി അവരെ മത്സരാധിഷ്ഠിത തൊഴിൽ മേഖലയിലെ പരീക്ഷകൾക്ക് സജ്ജരാക്കുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കൂടാതെ സെന്റ് മേരീസ് എൽ. പി സ്കൂൾ 5 ഉം ചങ്ങനാശേരി ഗവ. ഹൈസ്കൂളിൽ വായനകളരിയുടെ ഭാഗമായി 10 ഉം 'ദീപിക' ദിനപത്രങ്ങൾ ഇക്കഴിഞ്ഞ വർഷം മുഴുവൻ നൽകുകയുണ്ടായി. ഇതിനായി സാമ്പത്തിക സഹായം നൽകി സഹകരിച്ച എല്ലാ ബഹുമാന്യ വ്യക്തികൾക്കും പ്രത്യേകം നന്ദി.



വിവിധ ഇനങ്ങളിലായി ഇക്കഴിഞ്ഞ വർഷം മൊത്തം 703,251 രൂപ കത്തീഡ്രൽ കോൺഫറൻസ് ചിലവഴിക്കുകയുണ്ടായി. സാമ്പത്തികമായി സഹായിക്കുന്ന 16 പ്രവർത്തക അംഗങ്ങൾക്കു പുറമെ 200 ഓളം വരുന്ന സഹായ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**ആനിയമ്മ ജോസ്കുട്ടി കോയിപ്പള്ളി** — **ടോമിച്ചൻ അയ്യരുകുളങ്ങര**
പ്രസിഡന്റ് — സെക്രട്ടറി

## കെ.സി.ബി.സി മദ്യ വർജനസമിതി

പുതിയ ഭാരവാഹികളായി ബിന്നിച്ചൻ ചക്കുപുരയ്ക്കൽ, പ്രസിഡന്റ് ജോസഫ് വഞ്ചിപ്പുഴ, സെക്രട്ടറി ജോസി കല്ലുകളം, ട്രഷറർ ബിജു കൊച്ചുപുരയ്ക്കൽ, വൈസ് പ്രസിഡന്റ് സോജൻ തോമസ് കോട്ടയ്ക്കൽ, ജോയിന്റ് സെക്രട്ടറി ബൈജു ഇടശേരിപറമ്പ്, ലിസമ്മ പുല്ലുകാട്ട്, തങ്കച്ചൻ പുത്തൻപുരയ്ക്കൽ, കൺവീനർമാർ ഡയറക്ടർ ഫാ. വർഗ്ഗീസ് പുളിക്കപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകുന്നു.

മദ്യവിരുദ്ധ സമിതിയുടെ കുടുംബകൂട്ടായ്മ ബ്രദർ വർഗീസ് മാവേലിക്കര, ബ്രദർ പോൾസൺ അതിരമ്പുഴ, ബ്രദർ അജി കരുവാറ്റ എന്നിവർ നേതൃത്വം നൽകുന്നു. ജൂലൈ മാസത്തെ കൂട്ടായ്മ ജോസഫ് വഞ്ചിപ്പുഴയുടെ ഭവനത്തിലും ആഗസ്റ്റ് മാസത്തെ കൂട്ടായ്മ ജോസി കല്ലുകളത്തിന്റെ ഭവനത്തിലും സെപ്റ്റംബർ മാസത്തെ കൂട്ടായ്മ സന്തോഷ് പുതുപ്പറമ്പിലിന്റെ ഭവനത്തിലും ഒക്ടോബർ മാസത്തെ കൂട്ടായ്മ തങ്കച്ചൻ പുത്തപറമ്പിന്റെ ഭവനത്തിലും വച്ച് നടത്തി.

ഒക്ടോബർ മാസം വേളാങ്കണ്ണി തീർത്ഥാടനം 28 -ാം തീയതി ശനിയാഴ്ച രണ്ടരമണിക്ക് സെന്റ് ആൻസ് അഗതിമന്ദിരത്തിൽ നിന്നും ആരംഭിക്കുന്നു. ഈ ട്രിപ്പിന് ബ്രദർ വർഗീസ് മാവേലിക്കര, ബ്രദർ ജയിംസ് ചെത്തിക്കാട് എന്നിവർ നേതൃത്വം നൽകുന്നു. മദ്യവിരുദ്ധ സമിതിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ബഹുമാനപ്പെട്ട കത്തീഡ്രൽ വികാരി റവ. ഫാ. ജോസ് കൊച്ചുപുരയ്ക്കൽ അച്ചന്റേയും ഡയറക്ടർ ഫാ. വർഗീസ് പുളിക്കൽപ്പടവിന്റെയും പിന്തുണയും ആശീർവാദവും ഈ സമിതിക്കുണ്ട്. അതിരൂപതാ ജോയിന്റ് സെക്രട്ടറി അംഗം ബെന്നി പുതുപ്പറമ്പിലിന്റേയും സജീവമായ സഹകരണം ലഭിക്കുന്നുണ്ട്.

പ്രസിഡന്റ് — സെക്രട്ടറി
**ബിന്നിച്ചൻ ചക്കുപുരയ്ക്കൽ** — **ജോസഫ് വഞ്ചിപ്പുഴ**

ട്രഷറർ
**ജോസി കല്ലുകളം**

## CARP (കമ്മ്യൂണിറ്റി എവെയറൻസ് ആൻഡ് റൈറ്റ്സ് പ്രൊട്ടെക്ഷൻ)

അതിരൂപതാകേന്ദ്രത്തിൽ സമുദായശാക്തീകരണത്തിനായി രൂപം നൽകിയിരിക്കുന്ന വകുപ്പാണ് CARP. നമ്മുടെ സമുദായാംഗങ്ങൾക്ക് ഭര

ണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശങ്ങളും ആനുകൂല്യങ്ങളും അജ്ഞതകൊണ്ടോ വേണ്ടത്ര ശ്രദ്ധയില്ലാത്തതുകൊണ്ടോ അർഹത പ്പെട്ടവരിലേക്ക് എത്തുന്നില്ലാ എന്നത് ദുഃഖകരമായ ഒരു സത്യമാണ്. നമ്മുടെ സമുദായത്തിന്റെ വളർച്ചയ്ക്ക് വിദ്യാഭ്യാസപരവും സാമ്പത്തി കവുമായ ഉന്നതി വളരെ പ്രധാനപ്പെട്ടതാണ്. വിദ്യാഭ്യാസ ലോണു കളും കടക്കെണിയും നമ്മുടെ ജനങ്ങളെ ഏറെ വലയ്ക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാർതലങ്ങളിൽനിന്ന് നമു ക്ക് നൽകുന്ന പിന്തുണയും പദ്ധതികളും കുടുംബകൂട്ടായ്മ, ഹെൽപ് ഡസ്ക് തുടങ്ങിയ സംവിധാനങ്ങളിൽകൂടി അർഹതപ്പെട്ടവരിലേക്ക്

## EWS കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| കുടുംബ വാർഷികവരുമാനം | | എട്ടു ലക്ഷം രൂപയിൽ കവിയരുത് |
| ഭൂസ്വത്ത് | | അഞ്ച് ഏക്കറിൽ കവിയരുത് |
| വീട്/ഫ്ളാറ്റ് | | 1000 സ്ക്വയർ ഫീറ്റിൽ കവിയരുത് |
| ഹൗസ് പ്ലോട്ട് | മുൻസിപ്പൽ/ കോർപ്പറേഷൻ | 100 സ്ക്വയർ യാർഡ് അതായത് 2.1 സെന്റിൽ കവിയരുത് |
| | ഗ്രാമപഞ്ചായത്ത് | 200 സ്ക്വയർയാർഡ് വരെ അതായത് 4.13 സെന്റിൽ കവിയരുത് |

## EWS സംസ്ഥാനസർക്കാർ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| കുടുംബ വാർഷിക വരുമാനം | | നാലു ലക്ഷം രൂപയിൽ കവിയരുത് |
| ഭൂസ്വത്ത് | ഗ്രാമപഞ്ചായത്ത് | 2 $^1/_2$ ഏക്കറിൽ കവിയരുത് |
| | മുൻസിപ്പാലിറ്റി | എഴുപത്തിയഞ്ച് സെന്റിൽ കവിയരുത് |
| | കോർപ്പറേഷൻ | അമ്പത് സെന്റിൽ കവിയരുത് |
| വീട് / ഫ്ളാറ്റ് | | നിബന്ധനകൾ ഇല്ല. |
| ഹൗസ് പ്ലോട്ട് | ഗ്രാമപഞ്ചായത്ത് | നിബന്ധനകൾ ഇല്ല. |
| | മുൻസിപ്പാലിറ്റി | നാലു സെന്റിൽ കവിയരുത് |
| | കോർപ്പറേഷൻ | പതിനഞ്ച് സെന്റിൽ കവിയരുത് |

എത്തിക്കുകയെന്ന ദൗത്യമാണ് നമുക്കുള്ളത്. ഇതിന്റെ ഭാഗമായി 2023 ഒക്ടോബർ മാസം ചങ്ങനാശേരി അതിരൂപത സമുദായ ശാക്തീകരണ മാസമായി ആചരിക്കുന്നു.

ഇക്കാര്യങ്ങളെപറ്റി ചർച്ച ചെയ്യുന്നതിനായി സെപ്റ്റംബർ 3 ന് മെത്രാപ്പോലീത്തൻ പള്ളി പാരീഷ് ഹാളിൽ കൂടിയ യോഗത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് നെടുംപറമ്പിൽ, ഫാ. ജസ്റ്റിൻ തൈക്കളം, അതിരൂപത കോ-ഓർഡിനേറ്റർ ബേബി വട്ടക്കര, ചങ്ങനാശേരി ഫൊറോനാ കോ-ഓർഡിനേറ്റർ പ്രിൻസ് ചക്കാല, തുരുത്തി ഫൊറോനാ കോ-ഓർഡിനേറ്റർ ഫിലിപ്പ് അഗസ്റ്റിൻ തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി. ചർച്ചകളുടെ അടിസ്ഥാനത്തിൽ കുടുംബകുട്ടായ്മകളിൽ

ഈ സന്ദേശങ്ങൾ എത്തിക്കുന്നതിനുവേണ്ടി ഒരു പരിശീലന ഗ്രൂപ്പിനും രൂപം നൽകി.

ഏറ്റവും പ്രധാനമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ സമുദായ അംഗങ്ങൾക്ക് ലഭ്യമായിരിക്കുന്ന ഇഡബ്ല്യൂഎസ് സംവരണ (റിസർവേഷൻസ് ഫോർ ഇക്കണോമിക്കലി വീക്കർ സെക്ഷൻസ്) ത്തിന്റെ ചില അടിസ്ഥാന വിവരങ്ങൾകൂടി ഇവിടെ സൂചിപ്പിക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാർ ജോലികളിലും പ്ലസ് വൺ മുതൽ ഉള്ള സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥിപ്രവേശനങ്ങളിലും എസ്സി/എസ്റ്റി/ ഒബിസി വിഭാഗങ്ങളിൽ ഉൾപ്പെടാത്ത ജനറൽ വിഭാഗം എന്നു നാം പൊതുവെ വിളിക്കുന്നതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ജനങ്ങൾക്ക് 10% സംവംരണം ഏർപ്പെടുത്തിയിട്ടുണ്ട്.

***കുടുംബം എന്നത് ഉദ്ദേശിക്കുന്നത്**

ഗുണഭോക്താവ്

- ജീവിതപങ്കാളി
- മാതാപിതാക്കൾ
- 18 വയസ് പൂർത്തിയാവാത്ത സഹോദരങ്ങൾ
- 18 വയസിന് താഴെയുള്ള മക്കൾ,

വീട്ടിൽ താമസിക്കുന്ന മുത്തശ്ശൻ, മുത്തശ്ശി, മറ്റാരുടേയും വരുമാനം കണക്കാക്കേണ്ടതില്ല.

**കുടുംബവാർഷിക വരുമാനം എന്നത്**

അപേക്ഷ നൽകുന്ന വർഷത്തിന്റെ തൊട്ടു മുൻപിലത്തെ സാമ്പത്തിക വർഷത്തെ (ഏപ്രിൽ 1-മാർച്ച് 31) കുടുംബാംഗങ്ങളുടെ മൊത്തം വരുമാനമാണ്. കൂടുതൽ വിവരങ്ങൾക്ക് സിഎആർപി ന്റെ വെബ്സൈറ്റ് സന്ദർശിക്കുക. https://carpchanganacherry.com

**പ്രിൻസ് ചക്കാലയിൽ,** സിഎആർപി കോഓർഡിനേറ്റർ

# ജലത്താലും ആത്മാവിനാലും

| | | |
|---|---|---|
| 1. | കൊച്ചുപുരയ്ക്കൽ മനോജ് - ശാരിക മകൾ അന്നമ്മ | 21.06.2023 |
| 2. | ചെമ്പകപറമ്പിൽ മോഹനകുമാർ - റോസമ്മ മകൻ തോമസ് | 03.07.2023 |
| 3. | തെക്കേക്കര സാംസൺ - സോന മകൻ എബ്രഹാം | 08.07.2023 |
| 4. | തെക്കേക്കര ലിക്സൺ - അപർണ മകൾ മേരി | 08.07.2023 |
| 5. | കളിയ്ക്കൽപറമ്പിൽ ഷാരോൺ - റ്റെസിൻ മകൾ മേരി | 16.07.2023 |
| 6. | പൂവത്തുശേരി പ്രസ്റ്റീജ് - നിഷ മകൾ എലോന | |
| 7. | തൂമ്പുങ്കൽ സെബാസ്റ്റ്യൻ- ശില്പ മകൻ വർഗ്ഗീസ് | |
| 8. | കടവിൽ ലിജോ - റ്റിസ മകൾ കാതറിൻ | 12.08.2023 |

9. കാഞ്ഞിരത്തുംമൂട്ടിൽ ജോസ് - ആൻ തെരേസ മകൻ ആന്റണി 16.08.2023
10. നെല്ലിപ്പള്ളി റ്റിനു - ആഷ്മിൻ മകൾ റോസ് 26.08.2023
11. അഴിമുഖം റ്റിൻസൺ - സുനുമോൾ മകൾ ക്ലാര 09.09.2023
12. കോട്ടപ്പുറം ജോമോൻ - ചിഞ്ചു മകൻ ജോയൽ 11.09.2023
13. കൊച്ചുപറമ്പിൽ ഗിരീഷ് - മെൽബി മകൻ ആന്റണി 17.09.2023
14. കടേപ്പറമ്പിൽ ജെമോൻ - ബെറ്റി മകൾ ആഗ്നസ് 18.09.2023
15. പറപ്പള്ളിൽ ജിജോ - റിനി മകൾ ആഗ്നസ് 25.06.2023
16. പടവൻ എയ്ഞ്ചൽ - ജൂബി മകൾ റോസ 22.06.2023
17. കല്ലുകളം ലിയോ - ആശ മകൾ തെരേസ 02.07.2023
18. മുരിയങ്കരി അശ്വിൻ - ജിനു മകൻ മാത്യു 08.07.2023
19. ആറുപറ ജിതിൻ - റ്റിനു മകൾ റോസ് 13.07.2023
20. പാറക്കടവിൽ ലിറ്റോ - മരിയ മകൻ ജോസഫ് 30.07.2023
21. അയ്യരുകുളങ്ങര റോഹൻ - ജോസ്ന മകൾ മറിയം 10.09.2023

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക കല്ലുകളം എബ്രഹാം-സൂസൻ മകൻ എബ്രഹാമും മിത്രക്കരി ഇടവക ഊായിക്കരി സിറിയക്-ആനിയമ്മ മകൾ ഏലിയും തമ്മിലുള്ള വിവാഹം - 29.05.2023
2. ഈ ഇടവക ഉള്ളാഹയിൽ റെജി-മിനി മകൻ ജോസഫും പുളിയ്ക്കൽ കവല ഇടവക പുത്തൻകണ്ടം സെബാസ്റ്റ്യൻ-സൂസമ്മ മകൾ റീത്തായും തമ്മിലുള്ള വിവാഹം - 31.5.2023
3. ഈ ഇടവക തൂമ്പുങ്കൽ കുര്യാക്കോസ്-ലീന മകൻ തോമസും മേരികുളം ഇടവക നൂഴുമുറിയിൽ ഫ്രാൻസിസ്-ജോമോൾ മകൾ മേരിയും തമ്മിലുള്ള വിവാഹം - 3.6.2023
4. ഈ ഇടവക കടിയംതുരുത്തേൽ ലൂയിസ്-കുഞ്ഞുമോൾ മകൻ ജോസഫും പറാൽ ഇടവക അമ്പലപറമ്പിൽ അജി-കുഞ്ഞുമോൻ മകൾ ക്ലാരമ്മയും തമ്മിലുള്ള വിവാഹം - 5.6.2023
5. ഈ ഇടവക മൂലയിൽ രാജു-ഫിലോമിന മകൻ ജേക്കബും ഇടപ്പള്ളി ഇടവക വെളിയത്തുമാലിൽ അലക്സ്-ലത മകൾ സിസിലിയും തമ്മിലുള്ള വിവാഹം - 24.6.2023
6. ഈ ഇടവക മാനാംപുറത്ത് മാത്യു-മിനി മകൻ ജോണും ടെക്സാസ് ഇടവക മഞ്ഞാങ്കൽ ജോസ്-ഷീജ മകൾ മറിയവും തമ്മിലുള്ള വിവാഹം - 16.7.2023

7. ഈ ഇടവക ഉള്ളാഹയിൽ റെജി-മിനി മകൻ ജോസഫും മുത്തൂർ ഇടവക നെടുംപുറത്ത് വർഗീസ്-എൽസി മകൾ മറിയവും തമ്മിലുള്ള വിവാഹം - 14.8.2023
8. ഈ ഇടവക വെട്ടികാട്ടു കണ്ണങ്കേരിൽ മാത്യു-ആനിയമ്മ മകൻ ഫിലിയും ഈ ഇടവക മുളവന ജോസഫ്-ജോളി മകൻ ജോസഫും കമ്മന ഇടവക കുട്ടംതടത്തിൽ ബേബി-ബീന മകൻ മറിയവും തമ്മിലുള്ള വിവാഹം - 22.8.2023
9. ഈ ഇടവക മാളിയേക്കൽ ജോസഫ്-ബെറ്റ്സി മകൻ ആന്റണിയും മാമ്മൂട് ഇടവക മാനാടൻ ജോബ്-ലില്ലിക്കുട്ടി മകൾ ത്രേസ്യയും തമ്മിലുള്ള വിവാഹം - 26.8.2023
10. ഈ ഇടവക കടന്തോട് ജോസഫ്-ലില്ലിക്കുട്ടി മകൻ തോമസും ചാഞ്ഞോടി ഇടവക വാലോലിക്കൽ വർഗീസ്-സൂസമ്മ മകൾ ഏലിയാമ്മയും തമ്മിലുള്ള വിവാഹം - 28.8.2023
11. ഈ ഇടവക നടുവിലേടം ജോസഫ്-സോബി മകൻ വർഗീസും ഇടയപാളയം ഇടവക മെലിറ്റ് സെബാസ്റ്റ്യൻ-ഷൈനി മകൾ കെസിയയും തമ്മിലുള്ള വിവാഹം - 30.8.2023
12. ഈ ഇടവക തയ്യിൽ ബാബു-സുജ മകൻ ജോസഫും കുറുമ്പനാടം ഇടവക ഓലിക്കര റോയി-മിനി മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 30.8.2023
13. ഈ ഇടവക പുളിമൂട്ടിൽ തോമസ്-ഫിലോമിന മകൻ തോമസും തുകലശ്ശേരി ഇടവക തോട്ടത്തിൽ യേശുദാസ്-എൽസമ്മ മകൾ റോസ് മേരിയും തമ്മിലുള്ള വിവാഹം - 7.9.2023
14. ഈ ഇടവക തുരപ്പക്കാട്ട് മറ്റപ്പള്ളിൽ എബ്രഹാം-റോസ്മേരി മകൻ തോമസു പഴങ്ങാട് ഇടവക കടുങ്ങാംപറമ്പിൽ ആന്റണി-അന്നമ്മ മകൾ ഷെറിനും തമ്മിലുള്ള വിവാഹം - 12.9.2023
15. ഈ ഇടവക ഓകപ്പറമ്പിൽ കുര്യൻ-ലിസ്സി മകൻ മാത്യുവും അയ്ക്കരച്ചിറ ഇടവക വലിയപറമ്പിൽ മനോജ്-വിൻസി മകൾ അൽഫോൻസും തമ്മിലുള്ള വിവാഹം - 14.9.2023
16. ഈ ഇടവക പന്ത്രണ്ടിൽ തോമസുകുട്ടി-ആൻസമ്മ മകൻ തോമസും വാടേൽ ഇടവക അറയ്ക്കൽ റ്റോമി-സെലസ്റ്റീന മകൾ റ്റിനി മാർഗരറ്റും തമ്മിലുള്ള വിവാഹം - 16.9.2023
17. ഈ ഇടവക ചെമ്പകപ്പറമ്പിൽ മോഹൻകുമാർ-റോസമ്മ മകൻ തോമസും കുന്നുഭാഗം ഇടവക പന്തിരുവേലിൽ ജോസഫ്-എലിസബത്ത് മകൾ മരിയയും തമ്മിലുള്ള വിവാഹം - 2.9.2023

# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | വലിയപറമ്പ് കുര്യൻ ജോസഫ് - 59 വയസ്സ് | 06.06.2023 |
| 2. | കാക്കാംതോട്ടിൽ മാത്യു എബ്രഹാം - 66 | 07.06.2023 |
| 3. | പൊട്ടുകുളം ബ്രിജിത്താമ്മ തോമസ് - 77 | 04.06.2023 |
| 4. | നാല്പത്തഞ്ചിൽ ഷീലാ ജേക്കബ് - 83 | 08.06.2023 |
| 5. | പടവുപുരയ്ക്കൽ തോമസ് ആന്റണി - 74 | 15.06.2023 |
| 6. | മാളിയേക്കൽ മേരിക്കുട്ടി കുര്യാക്കോസ് - 86 | 19.06.2023 |
| 7. | കുരിശുംമൂട്ടിൽ ത്രേസ്യാമ്മ ജോസഫ് - 91 | 22.06.2023 |
| 8. | വില്ലുവിരുത്തിയിൽ ദേവസ്യാ വി.ജെ - 83 | 25.06.2023 |
| 9. | കോട്ടയ്ക്കൽ റോയി സെബാസ്റ്റ്യൻ - 54 | 29.06.2023 |
| 10. | തുറവാതുക്കൽ പി. സി തോമസ് - 95 | 30.06.2023 |
| 11. | ഒളശ്ശ ഷാജി ചാണ്ടി - 60 | 03.07.2023 |
| 12. | ചക്കാലയിൽ റോസി സ്കറിയ - 87 | 10.07.2023 |
| 13. | ശ്രാമ്പിക്കൽ വർക്കി ജോസഫ് - 74 | 11.07.2023 |
| 14. | ചിറ്റേട്ടുകളം മോളിക്കുട്ടി - 62 | 13.07.2023 |
| 15. | ആലുംമൂട്ടിൽ മറിയമ്മ തോമസ് - 85 | 13.07.2023 |
| 16. | അറയ്ക്കൽ എ.ജെ കുര്യൻ - 72 | 15.07.2023 |
| 17. | കല്ലുകളം കെ. എ ജോർജ് - 83 | 24.07.2023 |
| 18. | തുണ്ടിയിൽ റ്റി.ഒ ജോസ് - 71 | 26.07.2023 |
| 19. | പൂവത്തുശ്ശേരിൽ പി.സി ജോസഫ് - 88 | 30.7.2023 |
| 20. | കരിങ്ങട പൊന്നമ്മ ആന്റണി - 86 | 31.07.2023 |
| 21. | കല്ലുകണ്ടം കെ.എസ് ദേവസ്യാ - 82 | 11.08.2023 |
| 22. | വെട്ടുകുഴി വി.വി ജോസഫ് - 78 | 12.08.2023 |
| 23. | നേര്യംപറമ്പിൽ റീന മാത്യു - 52 | 15.08.2023 |
| 24. | വള്ളികാട് മേരി കുരുവിള - 85 | 15.08.2023 |
| 25. | കാട്ടുപറമ്പിൽ കുഞ്ഞമ്മ ജോർജ് - 84 | 23.08.2023 |
| 26. | കോട്ടയ്ക്കൽ രാജി മൈക്കിൾ - 56 | 27.08.2023 |
| 27. | ആഷ്‌ലിഭവൻ കുഞ്ഞമ്മ ഫിലിപ്പ് - 86 | 29.08.2023 |
| 28. | കുട്ടംപേരൂർ ചക്കാലയ്ക്കൽ തോമസ് ജോസഫ് - 63 | 1.09.2023 |
| 29. | വള്ളികാട് അച്ചാമ്മ സേവ്യർ - 77 | 05.09.2023 |
| 30. | കാച്ചാംകോട് ലിജു തോമസ് - 44 | 08.09.2023 |
| 31. | പട്ടാറ മേരിക്കുട്ടി ജോസഫ് - 86 | 08.09.2023 |
| 32. | മതിച്ചിപ്പറമ്പിൽ ബെന്നി ജേക്കബ് - 57 | 08.09.2023 |
| 33. | പുന്നശേരി പി.റ്റി ചെറിയാൻ - 77 | 09.09.2023 |
| 34. | കൂട്ടുമ്മേൽക്കാട്ടിൽ അമ്മിണി ആന്റണി - 77 | 11.09.2023 |
| 35. | കാക്കാംതോട്ടിൽ കെ. എ തോമസ് - 68 | 18.09.2023 |
| 36. | മുളപ്പൻച്ചേരി എം.റ്റി ദേവസ്യാ - 90 | 14.09.2023 |
| 37. | താവളത്തിൽ ജോസ് ഈപ്പൻ - 82 | 18.09.2023 |
| 38. | ചക്കുവായിൽ കോശി മാത്യു - 36 | 20.09.2023 |



*In Loving Memory of*

# SECOND DEATH ANNIVERSARY



## മറീന ജോസ്
## (മറീനാമ്മ സെബാസ്റ്റ്യൻ

(റിട്ട. ടീച്ചർ, സെന്റ് ജോസഫ്സ് ഗേൾസ്
ഹയർസെക്കറി സ്കൂൾ, ചങ്ങനാശേരി)

**നെൽപ്പുരപ്പറമ്പിൽ**
**വാഴപ്പള്ളി, ചങ്ങനാശേരി**

മരണം: 31.07.2021



സ്നേഹസ്മരണയ്ക്ക്

1–ാം ചരമവാർഷികം

**കെ.ജെ. ജോയി**
**(ജോയിച്ചൻ)**
**കരിങ്ങട, മഞ്ചാടിക്കര**

ജനനം: 04.12.1955
മരണം: 31.10.2022



സ്നേഹസ്മരണയ്ക്ക്

1–ാം ചരമവാർഷികം

**മേരിക്കുട്ടി**
**കുര്യാക്കോസ് (86)**
**മാളിയേക്കൽ (കാഞ്ഞിക്കൽ)**
**ചങ്ങനാശേരി**

മരണം: 25.06.2023

# സ്നേഹസ്മരണയ്ക്ക്



കെ.പി. അന്തോനിച്ചൻ




പൊന്നമ്മ ആന്റണി

കരിങ്ങട, ചങ്ങനാശേരി



# സ്നേഹസ്മരണയ്ക്ക്

26 -ാം ചരമവാർഷികം



**ജോസഫ് ചാക്കോ**

മരണം: 15.01.1997

19 -ാം ചരമവാർഷികം



**കുഞ്ഞമ്മ ചാക്കോ**

മരണം: 24.12.2004

11 -ാം ചരമവാർഷികം



**പ്രിയ ജോബിൻ**

മരണം: 07.10.2012

4 -ാം ചരമവാർഷികം



**പി.സി. ജോസഫ്**

മരണം: 22.01.2019

**പാറക്കടവിൽ, വാഴപ്പള്ളി**
**ചങ്ങനാശേരി**